# PRAVACHANA PRADEEPIKA

# പ്രവചന പ്രദീപിക

## PROPHETICAL ILLUMINATOR

| Vol. 57 | October - November 2020 | No. 3 |
| --- | --- | --- |

***"ഉണർന്നിരിപ്പിൻ വിശ്വാസത്തിൽ നിലനില്പിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ, നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ" (1 കൊരി. 16:13-14)***

**ഇതളുകൾ മറിക്കുമ്പോൾ**

| | ലേഖകർ | പുറം |
| --- | --- | --- |
| ❖ പത്രാധിപലേഖനം | Y.S.R | 3 |
| ❖ ഏകരക്ഷാമാർഗ്ഗം | Y.E. | 7 |
| ❖ മാനദണ്ഡമാക്കുവാൻ യോഗ്യതയില്ലാത്ത മാനദണ്ഡം | D.E. | 9 |
| ❖ യിസ്രായേൽ വാർത്തകൾ | P.S.Y. | 17 |
| ❖ ഫലിതം, അഴകെഴും മൊഴികൾ | | കവർ 3 |
| ❖ സ്വർഗ്ഗത്തെ സ്വർഗ്ഗമാക്കുന്നത് | | കവർ 3 |

ഈ മാസികാ സംബന്ധമായ മണിയോർഡറുകൾ, ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ J. Esther Bethel, Pravachana Pradeepika, Aramada P.O., Trivandrum - 695032, Kerala എന്ന വിലാസത്തിലും മറ്റ് എല്ലാ എഴുത്തുകുത്തുകളും പബ്ലിഷർ, പ്രവചന പ്രദീപിക, ആറാമട പി.ഒ., തിരുവനന്തപുരം - 32 എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്. ഫോൺ : 0471-2357439

വരിസംഖ്യ (മുൻകൂർ) ഇന്ത്യയിൽ 100 രൂപ
ഇന്ത്യയ്ക്കു വെളിയിൽ അറേബ്യയും
തത്തുല്യരാജ്യങ്ങളും (Air Mail) 750 രൂപ.
അമേരിക്ക, കാനഡാ മുതലായവയ്ക്ക് (Air Mail) 750 രൂപ

Chief Editor : **Dr. O.M. Samuel**, B.A., M.Div., ThD.
Publisher : **Y. Sam Raj**, B.A., B.Ed., M.Div.

**EDITORIAL BOARD**
1. K.A. Philip, B.A., B.Ed.
2. Dani Ezekiel, M.A. (Eng), M.th.

## പ്രസാധക കുറിപ്പുകൾ

### കോവിഡ് 19 മഹാമാരി

ഇത് നമ്മുടെ ഇടയിൽനിന്നും ലോകത്തുനിന്നും പൂർണ്ണമായി മാറിപ്പോകുന്നതിന്നുവേണ്ടിയും ദൈവ ജനത്തിന് സ്വൈരമായി സഭയായി കൂടിവന്ന് ആരാധിക്കുന്നതിനും സുവിശേഷ പ്രവർത്തനങ്ങൾ അനുസ്യൂതം തുടരുന്നതിനുംവേണ്ടി പ്രാർത്ഥിക്കണം. ഈ ബാധയിലൂടെ ദൈവം തന്റെ ജനത്തിന്റെ കുറവുകളെയും പോരായ്മകളെയും പാപങ്ങളെയും ദുർമ്മാർഗ്ഗങ്ങളെയും ചൂണ്ടിക്കാണിക്കുകയാണ്.ദൈവജനം അനുതപിച്ചു പ്രാർത്ഥിച്ച് കണ്ണുനീരോടെ ദൈവത്തിങ്കലേയ്ക്ക് തിരിയേണ്ടതാണ്.

നമ്മുടെ ഗവൺമെന്റ് കോവിഡ് പ്രതിരോധിക്കുവാൻ സർവ്വസന്നാഹങ്ങളോടും കൂടെ പൊരുതുകയാണ്. നമ്മുടെ കടമ ഗവണ്മെന്റിന്റെ നിർദ്ദേശങ്ങൾ പാലിക്കുകയും-സാമൂഹിക അകലം പാലിക്കുക, മാസ്ക് ധരിക്കുക, സാനിറ്റൈസറോ സോപ്പോ ഉപയോഗിച്ചു കൈകഴുകുക, നിരത്തുകളിൽ തുപ്പാതിരിക്കുക-ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും പക്ഷവാദം ചെയ്യുകയും വേണ്ടതാണ്.

### ബൈബിൾ വ്യാഖ്യാനമാതൃക

കർത്തൃദാസൻ ശ്രീ. വൈ. എസക്കിയേൽ സാർ രചിച്ച ബൈബിൾ വ്യാഖ്യാനമാതൃക എന്ന ലഘുഗ്രന്ഥം പുന:പ്രസിദ്ധീകരിച്ചു. വേദപുസ്തക പഠനവും നമ്മുടെ ആത്മീയ ശുശ്രൂഷകളും അഭിവൃദ്ധിപ്പെടുത്തുവാൻ വളരെ സഹായകമായ ഗ്രന്ഥമാണ് ബൈബിൾ വ്യാഖ്യാനമാതൃക. പ്രസംഗവും ബൈബിൾ ക്ലാസിനുള്ള വിഷയങ്ങളും ഒരുക്കുവാൻ ശുശ്രൂഷകന്മാർക്ക് വളരെ പ്രയോജനകരമാണ്. വില 80 രൂപ. പോസ്റ്റേജ് പുറമെ.

**Bank A/c**

**ESTHER J,**
**Central Bank of India**
**Kunnapuzha Branch, Trivandrum - 695032**
**A/c No. 1820364887, IFSC Code :CBIN 0283099**

ബൈബിൾ പ്രവചനങ്ങളെ വിശദീകരിക്കുന്ന പ്രതിമാസ പത്രികയാണ് പ്രവചന പ്രദീപിക.

**ഈ മാസികാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം**

- ദൈവവിശ്വാസം സ്ഥാപിക്കപ്പെടുക
- ബൈബിൾ ദൈവവചനമാണെന്ന് നിറവേറിയ പ്രവചനങ്ങളെക്കൊണ്ടു തെളിയിക്കുക.
- ഭാവി പ്രവചനങ്ങളുടെ വിശദീകരണത്താൽ പ്രത്യാശ ഉളവാക്കുക.

### പുന:പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

വൈ. എസക്കിയേൽ സാർ എഴുതിയ രക്ഷയുടെ ഭദ്രത എന്ന പുസ്തകം പുനഃപ്രസിദ്ധീകരിച്ചു. രക്ഷിക്കപ്പെടുന്ന ഓരോ ദൈവപൈതലിന്റെയും രക്ഷ എത്ര ഭദ്രമായിരിക്കുന്നു എന്നു പ്രതിപാദിക്കുന്ന ഒരു ഉത്തമ ഗ്രന്ഥം. വില 100 രൂപ.

പരിശുദ്ധാത്മാവ്- ഈ പുസ്തകവും പുന:പ്രസിദ്ധീകരിച്ചു. എസക്കിയേൽ സാറിന്റെ മാസ്റ്റർ പീസ് പുസ്തകങ്ങളിൽ ഒന്നാണ് ഇത്. 306 പേജുള്ള ഈ പുസ്തകത്തിന് വില 400 രൂപ.

പുനഃപ്രസിദ്ധീകരിക്കാൻ കഴിയാതിരിക്കുന്ന പുസ്തകം സത്യരക്ഷാ പ്രബോധിനി. ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ ദൈവമക്കൾ പ്രാർത്ഥിക്കുക. സഹകരിക്കുക. 3 ലക്ഷത്തോളം രൂപ ഇതിനു ചിലവുവരും

### പുതിയപുസ്തകം-ആരാധനാമലരുകൾ

എം. സെൽവരംഗം അവർകൾ തന്റെ 50 വർഷത്തെ വിശ്വാസ ജീവിതത്തിൽ ഉരുത്തിരിഞ്ഞു വന്ന ആരാധനാ ചിന്തകളിൽ സുപ്രധാനങ്ങളായവ മാത്രം ഉല്പത്തി മുതൽ വെളിപ്പാടു പുസ്തകം വരെ ക്രമാനുഗതമായി മൂലഭാഷയുടെ പിൻബലത്തോടെ രചിച്ച ആരാധനാമലരുകൾ എന്ന പുസ്തകം സ്വന്തമാക്കാം. വില 300 രൂപ. ആവശ്യപ്പെടേണ്ട വിലാസം:

Br. M. SELVARANGAM
Grace Bhavan, Gandhi Nagar, Cheroor P.O.,
Thrissur-680008, Mob.No.9446448788

### മഞ്ഞാലുംമൂട് ബ്രദറൺ കൺവെൻഷൻ

പതിവുപോലെ മഞ്ഞാലുംമൂടും പരിസരത്തുമുള്ള ബ്രദറൺസഭകൾ ചേർന്നു നടത്തുന്ന ജനറൽ കൺവൻഷൻ ഡിസംബർ 10-13 വരെ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ദൈവമക്കളുടെ പ്രാർത്ഥനാ സഹകരണം ആവശ്യപ്പെടുന്നു. സുവിശേഷകന്മാരായ ഇട്ടി വർഗ്ഗീസ്, റ്റി.പി. കനകരാജ്, ഷാജഹാൻ വി.ഹസ്സൻ, സജിവർഗീസ്, ഡാനി എസക്കിയേൽ എന്നിവർ വചനം ശുശ്രൂഷിക്കുന്നു. പ്രാർത്ഥനയോടെ കടന്നു വരുക

സഭകൾക്കുവേണ്ടി
സഹോ. ബാബു പി. ഹെൻട്രി
സഹോ. ബാബു, മഞ്ഞാലുംമൂട്

# പ്രവചന പ്രദീപിക

Founder Editor : Late Sri. Y.Ezekiel, Aramada

വാല്യം 57 October - November 2020 No.3


## പത്രാധിപ ലേഖനം

## പ്രവചനങ്ങൾ ക്രിസ്തുവിന്റെ സാക്ഷ്യ പത്രങ്ങൾ – 3

**483 വർഷങ്ങൾ തികയുമ്പോൾ യേശുക്രിസ്തു കൊല്ലപ്പെടും – ദാനിയേൽ പ്രവാചകൻ അങ്ങനെ പ്രവചിച്ചു. ദാനിയേൽ പ്രവാചകന്റെ കാലത്ത് ഒരു പ്രത്യേക സമയം മുതൽ 483 വർഷങ്ങൾ കഴിയുമ്പോൾ യേശുക്രിസ്തു ക്രൂശിക്കപ്പെടും(ദാനി. 9:25-26).**

പ്രവചനങ്ങൾ വിസ്മയകരങ്ങളാണ്. മനുഷ്യ ബുദ്ധിയുടെ പരിധിയ്ക്കുള്ളിൽ ഒതുങ്ങാതെ ഒരു പ്രതിഭാസമാണ് പ്രവചനങ്ങൾ. വേദപുസ്തകത്തിലെ 1/3 ഭാഗങ്ങളും പ്രവചനങ്ങളാണ്. വേദപുസ്തകത്തിൽ 1000 പ്രവചനങ്ങൾ ഉണ്ടെന്നും അതിൽ 500 എണ്ണം വളരെ കൃത്യമായി എല്ലാ അംശങ്ങളിലും നിറവേറി എന്നും പ്രവചന പണ്ഡിതനായ മാർക്ക് ഹിച്ച്കോക്ക് രേഖപ്പെടുത്തിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും സംബന്ധിക്കുന്ന 110 പഴയനിയമ പ്രവചനങ്ങൾ നിറവേറിയതായി അദ്ദേഹം പറയുന്നു. പഴയനിയമത്തിൽ നിന്നും പുതിയ നിയമത്തിൽ ഉദ്ധരിച്ചിരിക്കുന്ന 845 ഉദ്ധരണികളിൽ 333 എണ്ണം യേശുക്രിസ്തുവിനെ കുറിച്ചാണെന്ന് പ്രവചന പണ്ഡിതനായ ക്ലാറൻസ് ലാർക്കിൻ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രവചനത്തിന്റെ ആത്മാവ് (സത്ത) യേശുക്രിസ്തുവിനെ സാക്ഷിക്കുന്നതാണ് (വെളി. 19:10). യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തോടുള്ള ബന്ധത്തിൽ പഴയനിയമത്തിൽ പറയപ്പെട്ടിട്ടുള്ള പ്രവചനങ്ങളിൽ (ബി.സി. 1000 മുതൽ ബി.സി. 500 വരെ പറയപ്പെട്ടിട്ടുള്ള പ്രവചനങ്ങൾ 25 എണ്ണം 24 മണിക്കൂറിനുള്ളിൽ അതായത് ഒരു ദിവസത്തിനുള്ളിൽ തന്നെ കൃത്യമായി നിറവേറി. നൂറുകണക്കിന് പ്രവചനങ്ങൾ കൃത്യമായി നിറവേറി എന്നതിന് വേദപുസ്തകവും ചരിത്രവും സാക്ഷികളത്രേ. ഇനിയും നൂറുകണക്കിന് പ്രവചനങ്ങൾ നിറവേറേണ്ടതായിട്ടുണ്ട്. അവയും നിശ്ചയമായും നിറവേറും. ഈ നിറവേറലുകൾ കാണിക്കുന്നത് വേദപുസ്തകം ഇതര മതഗ്രന്ഥങ്ങളിൽ നിന്ന് വേറിട്ടതാണെന്നും സത്യമാണെന്നും അത്രേ. കാൽവറി ക്രൂശിൽ മരിച്ചുയിർത്തെഴുന്നേറ്റ യേശുക്രിസ്തു സാക്ഷാൽ മശിഹായും ദൈവവും ആണെന്നുമത്രേ!

പ്രവചനങ്ങൾ യേശുക്രിസ്തുവിന്റെ സാക്ഷ്യപത്രങ്ങൾ (credentials) എന്നും എസ്രായുടെ ദൈവാലയം നിലനില്ക്കുമ്പോൾ തന്നെ യേശുക്രിസ്തു ജനിക്കുകയും ശുശ്രൂഷിക്കുകയും മരിക്കുകയും ചെയ്യുമെന്ന് എസ്രാ, ഹഗ്ഗായിയുടെ പുസ്തകങ്ങളിലെ പ്രവചനങ്ങളിൽ നിന്നും നാം ചിന്തിച്ചു. സകലജാതികളുടെയും മനോഹരവസ്തു (The desire of all nations) യേശുക്രിസ്തു എന്ന് നാം ചിന്തിച്ചു. എസ്രാ പണിതുയർത്തിയ ചെറിയ ദൈവാലയം മഹാനായ ഹേരോദാവ് ബി.സി. 20 -ൽ വിപുലീകരിച്ച് പണിയുവാൻ തുടങ്ങി. 46 വർഷമായിട്ടും യേശുവിന്റെ ശുശ്രൂഷാകാലത്തും ആലയപണി തുടർന്നുകൊണ്ടിരുന്നു. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടശേഷം ആൽബിനസ് (AD 62-64) യഹൂദയിൽ പ്രോക്യുറേറ്റർ ആയിരിക്കുമ്പോൾ 64-ൽ ആണ് പണിപൂർത്തീകരിച്ചത്. എ.ഡി. 70 ൽ തീത്തോസ് കൈസറുടെ നേതൃത്വത്തിൽ യേശുക്രിസ്തു പ്രവചിച്ചതുപോലെ ദൈവാലയം തീയിട്ട് ചുട്ടുകളഞ്ഞു.

ഇനി നാം ചിന്തിക്കുന്നത് മഹാപ്രവാചകനായ ദാനിയേലിന്റെ പ്രവചനം 9:25-27 വരെ വാക്യങ്ങളിൽ പറയപ്പെടുന്ന അഭിഷിക്തനായ പ്രഭു (മശിഹാ) കൊല്ലപ്പെടുന്നതിനെ കുറിച്ചുള്ള പ്രവചനമാണ്.

**ആരാണ് ദാനിയേൽ പ്രവാചകൻ**

നെബുഖദ്നേസർ യഹൂദയിൽ നിന്ന് പിടിച്ചുകൊണ്ടുവന്ന ചെറുപ്പക്കാരൻ. ദൈവത്തോട് വിശ്വസ്തത കാണിച്ചതിന്റെ ഫലമായി ദൈവം അവനെ ഉയർത്തി. ബാബിലോൺ സാമ്രാജ്യത്തിലും മേദ്യ-പാർസ്യ സാമ്രാജ്യത്തിലും രാജാവിന് താഴെ ഏറ്റവും അത്യുന്നതമായ ജോലികൾ ചെയ്തിരുന്ന ഒരു ദൈവദാസൻ. ഭൗതിക ജോലിയോടൊപ്പം ദൈവസേവ ചെയ്തിരുന്ന ദാനിയേൽ വലിയ പ്രവാചകന്മാർ- യെശയ്യാവ്, യിരെമ്യാവ്, യെഹസ്കിയേൽ തുടങ്ങിയ പ്രവാചക ശ്രേഷ്ഠന്മാരോടു കൂടെ എണ്ണപ്പെട്ട വലിയ പ്രവാചകനാണ്. ഏതുവ്യക്തിക്കും ഭൗതിക ഉത്തരവാദിത്വങ്ങളോടുകൂടെ ആത്മീയ പ്രവർത്തികളും ചെയ്‌വാൻ കഴിയും എന്നതിന് മകുടോദാഹരണമാണ് ദാനിയേൽ. ദിവസവും മൂന്നുനേരം ഏതുപ്രതിസന്ധിയിലും ജോലിഭാരത്തിലും പ്രാർത്ഥിച്ചിരുന്ന, ദൈവവചന പാരായണത്തിലും പാണ്ഡിത്യത്തിലും ആഗ്രഗണ്യനായിരുന്ന പ്രവാചകൻ, വിശുദ്ധജീവിതവും വേർപാടും സൂക്ഷിക്കുന്നതിൽ ദത്തശ്രദ്ധൻ.

**പ്രവചനത്തിന്റെ പശ്ചാത്തലം**

യിസ്രായേലിനെ ദൈവം ദേശത്തു പാർപ്പിച്ചപ്പോൾ അവൻ ആറ് വർഷങ്ങൾ ദേശത്ത് വിതച്ച് ആഹാരം കഴിക്കണം. 7-ാം വർഷം അവർ നിലംവിതയ്ക്കാതിരിക്കണം, ശൂന്യമായിടണം. അങ്ങനെ ദേശത്തിന് സ്വസ്തതയുള്ള ശബത്തായി ആചരിക്കേണം (ലേവ്യ. 25:1-7; 18-22). ദൈവകല്പന അവർ പാലിച്ചില്ലെങ്കിൽ അവരെ അന്യരാജ്യങ്ങളിൽ പ്രവാസികളായി അയയ്ക്കുകയും ദേശം ശൂന്യമായി കിടന്ന് അതിന്റെ ശബത്ത് അനുഭവിക്കയും ചെയ്യുമെന്ന് ദൈവം അവരോട് അരുളിചെയ്തിരുന്നു. ശൗലിനെ യിസ്രായേൽ ജാതിക്ക് രാജാവായി കൊടുത്ത ബി.സി 1096 മുതൽ 606 ബി.സി. വരെ 490 വർഷങ്ങൾ യിസ്രായേൽ ദൈവകല്പന ലംഘിച്ച് ദേശത്തിന്റെ ശബ്ബത്താചരിച്ചില്ല. അതുകൊണ്ട് ദൈവം അവർക്ക് മുന്നറിവ് കൊടുത്തതുപോലെ 70 സംവത്സരങ്ങൾ അവരെ ബാബിലോണിൽ പ്രവാസിപ്പിച്ചു. (1 ദിനവൃ.36:20-21). ബി.സി. 606-ൽ യിസ്രായേൽ ജാതിയെ ബാബിലോൺ ചക്രവർത്തി പൂർണ്ണമായി അടിമകളാക്കി ബാബിലോണിലേയ്ക്ക് കൊണ്ടുപോയി (യിരെ. 25:11-14).

എന്നാൽ 70 വർഷത്തെ പ്രവാസത്തിനുശേഷം അവരെ യിസ്രായേൽ നാട്ടിലേയ്ക്ക് വിട്ടയയ്ക്കും എന്നും പ്രവാചകന്മാർ മുന്നറിയിപ്പു നൽകിയിരുന്നു (2 ദിനവൃ.36:22; യിരമ്യാ.25:11-14; 29:10-11). പ്രാർത്ഥനാവീരനും പ്രവാചക ശ്രേഷ്ഠനുമായ ദാനിയേൽ ഈ പ്രവചനം വായിച്ച് ഗ്രഹിച്ചപ്പോൾ തന്റെയും തന്റെ ജാതിയുടെയും പാപങ്ങളും കുറവുകളും ഏറ്റുപറകയും തന്റെ ജനത്തിന്റെ ഭാവി എന്താകും എന്ന് അറിയാനുള്ള ആവലോടെ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു (ദാനി. 9:1-19). ഇവ്വണ്ണം പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾതന്നെ ഗബ്രീയേൽ ദൂതൻ ദാനിയേലിന് പ്രത്യക്ഷനായി യിസ്രായേൽ ജാതിക്ക് ഭാവിയിൽ എന്തു സംഭവിക്കും എന്നതിനെകുറിച്ചുള്ള അതിഗഹനമായ പ്രവചനം അറിയിച്ചുകൊടുത്തു. ഈ പ്രവചനം മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്തവിധം 'നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും 70 ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു' (ദാനി. 9:24) എന്നാണ്.

**70 ആഴ്ചവട്ടത്തിന്റെ തുടക്കം**

"അതുകൊണ്ട് നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ: യെരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായ പ്രഭുവരെ ഏഴുപതു ആഴ്ചവട്ടം. (ദാനി. 9:25).

ഇവ്വിധം ഒരു കല്പന (Decree) പുറപ്പെടുന്നതു മുതൽ ആണ് 70 ആഴ്ചവട്ടത്തിന്റെ തുടക്കം. 4 വ്യത്യസ്ഥ ഡിക്രികൾ യഹൂദനോടും അവരുടെ നാടിനോടും ഉള്ള ബന്ധത്തിൽ കാണാം.

**1. പാർസി രാജാവായ കോരെശ് പുറപ്പെടുവിച്ച ഡിക്രി**

ബി.സി. 538. എസ്രാ.1:1-4(2 ദിനവൃ. 36:22-23). ഒന്നാമത്തെ ഡിക്രി ഇതാണ്. പ്രവാസികളായിരിക്കുന്ന യഹൂദന്മാർ യെരുശലേമിലേക്ക് ചെന്ന് നെബുഖദ്നേസ്സർ ചുട്ടുകളഞ്ഞ ദൈവാലയം പണിയുവാനുള്ള ആജ്ഞയും അനുവാദവുമാണ് ഒന്നാമത്തെ ഡിക്രി. യെശയ്യാപ്രവാചകൻ കോരേശ് ജനിക്കുന്നതിന് 100 വർഷംമുമ്പ് കോരേശിനെ കുറിച്ച് പ്രവചിച്ചിരുന്നത് ശ്രദ്ധേയമാണ് (യെശ. 44:28).

**2. ദാര്യാവേശ് പുറപ്പെടുവിച്ച ഡിക്രി. ബി.സി.517. (എസ്രാ. 5:3-17; 6:6-12)**

കോരേശിന്റെ കല്പനപ്രകാരം എസ്രാ തുടങ്ങിയവർ പണി തുടങ്ങിയപ്പോൾ ശത്രുക്കൾ എതിർപ്പുമായി മുന്നോട്ടുവന്നു. യഹൂദയുടെ ദേശാധിപതി (ഗവർണ്ണർ) ആയിരുന്ന തത്നായി മുഖേന എതിർപ്പുകാർ ദാര്യാവേശിന് കത്തെഴുതി. അതിന് മറുപടിയായിട്ടാണ് ഈ ഡിക്രി.

**3. അർത്ഥഹ്ശഷ്ടാ രാജാവിന്റെ ഡിക്രി**

ഈ ഡിക്രി പുറപ്പെടുവിക്കുന്നത് ബി.സി. 457 ൽ ആണ്. ഈ ഡിക്രിയുടെ ഉദ്ദേശം ആലയപണിക്ക് കൂടുതൽ സഹായങ്ങൾ നൽകുക എന്നതായിരുന്നു (എസ്രാ. 7:11-26).

**4. അർത്ഥഹ് ശഷ്ടാ രാജാവിന്റെ ഡിക്രി**

രാജാവിന്റെ വാഴ്ചയുടെ 20-ാം ആണ്ടിൽ പുറപ്പെടുവിച്ച് ഡിക്രി ആണിത്. ഇത് ബി.സി. 444 ൽ പുറപ്പെടുവിച്ചു. മറ്റ് മൂന്ന് ഡിക്രികളും ദൈവാലയ പണിയോടുള്ള ബന്ധത്തിൽ എസ്രയ്ക്ക് നൽകുന്നതാണ്. എന്നാൽ ഈ നാലാമത്തെ ഡിക്രി യെരുശലേം നഗരത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുവാനും വീഥികളും കിടങ്ങുകളും പണിയുന്നതിന് നെഹമ്യാവിന് നൽകിയ ഡിക്രിയാണ് (നെഹ. 2:1-8; ദാനി. 9:25).

യഥാർത്ഥത്തിൽ 70 ആഴ്ചവട്ടത്തിന്റെ തുടക്കം ബി.സി. 444 ൽ ആണ്.

**70 ആഴ്ചവട്ടം 490 വർഷങ്ങളാണ്**

മൂലഭാഷയിൽ 70 ഏഴുകൾ നിയമിച്ചിരിക്കുന്നു എന്നാണ്. 1 ഏഴ് എന്നത് 1 ആഴ്ചവട്ടം ആണ്. അതായത് പ്രവചന കണക്കനുസരിച്ച് 7 വർഷങ്ങൾ ആണ്. അപ്പോൾ 70 ഏഴുകൾ എന്നാൽ 70X7 **വർഷം** = 490 വർഷങ്ങളാണ്.

**490 വർഷങ്ങൾക്കുള്ളിൽ ആറ് കാര്യങ്ങൾ നടക്കണം (ദാനി. 9:24)**

1. അതിക്രമത്തെ തടസ്സം ചെയ്യണം
2. പാപങ്ങളെ മുദ്രയിടണം.
3. അകൃത്യത്തിന്നു പ്രായശ്ചിത്തം വരുത്തുക
4. നിത്യനീതി വരുത്തുക
5. ദർശനവും പ്രവചനവും മുദ്രയിടുക.
6. അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുക.

ഈ കാര്യങ്ങൾ യഹൂദന്റെ ജാതിപരമായി നടക്കേണ്ടവയാണ്. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ ഇവയിൽ പലതും വിശ്വസിക്കുന്ന പാപികൾക്കും വിശ്വസിക്കുന്ന യഹൂദന്മാർക്കും വ്യക്തിപരമായി നടന്നതാണ്.

ദാനി. 9:25 ൽ ഈ കാലയളവിൽ ദാനിയേലിന്റെ ജാതിയോടുള്ള ബന്ധത്തിൽ 4 കാര്യങ്ങൾ നടക്കും എന്ന് പ്രവചിച്ചിരിക്കുന്നു. 1) യെരുശലേം നഗരത്തിന്റെ പുനർ നിർമ്മിതി. (2) മശിഹായുടെ ഒന്നാമത്തെ വരവും അവന്റെ ക്രൂശുമരണവും (3) രണ്ടാം ദൈവാലയത്തിന്റെ അഥവാ എസ്രായുടെ ദൈവാലയത്തിന്റെ നാശം (4) മഹോപദ്രവകാലം (ദാനി. 9:25). ഇങ്ങനെ ഐതിഹാസിക സംഭവങ്ങളുടെ അരങ്ങേറ്റംകൊണ്ട് സംഭവബഹുലമായിരിക്കും യഹൂദനുവേണ്ടി മാറ്റിവച്ച 70 ആഴ്ചവട്ടങ്ങൾ അഥവാ 490 വർഷങ്ങൾ.

**ആഴ്ചവട്ടത്തെ 3 ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു**

1. **ആദ്യത്തെ 7 ആഴ്ചവട്ടങ്ങൾ അതായത് 7X7 = 49 വർഷങ്ങൾ**
2. **രണ്ടാമത്തെ 62 ആഴ്ചവട്ടങ്ങൾ അതായത് 62X7 = 434 വർഷങ്ങൾ**
3. **മൂന്നാമത്തെ ഘട്ടം 1 ആഴ്ചവട്ടം അതായത് 1X7 = 7 വർഷങ്ങൾ**

**അങ്ങനെ 49+434+7 = 490 വർഷങ്ങൾ.**

ആദ്യത്തെ ഒന്നും രണ്ടും ഘട്ടങ്ങളിൽ അതായത് 483 വർഷങ്ങൾകൊണ്ട് (49+434= 483 വർഷങ്ങൾ) നഗരത്തെ വീഥിയും കിടങ്ങുമായി പണിയും (ദാനി. 9:25). അറുപത്തിരണ്ട് ആഴ്ചവട്ടം അതായത് ആദ്യത്തെ 7 ആഴ്ചവട്ടവും രണ്ടാമത്തെ 62 ആഴ്ചവട്ടവും അങ്ങനെ 69 ആഴ്ചവട്ടം അതായത് 69 ആഴ്ചവട്ടം = 483 വർഷങ്ങൾ കഴിയുമ്പോൾ അഭിഷിക്തൻ ഛേദിക്കപ്പെടും ദാനി. 9:25 എന്നു പറയുമ്പോൾ നഗരത്തെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അതായത് ബി.സി. 444 ൽ അർത്ഥഹ്ശ്രഷ്ടാവ് കല്പന പുറപ്പെടുവിക്കുന്നതു മുതൽ 483 വർഷം കഴിയുമ്പോൾ യിസ്രായേലിന്റെ മശിഹ (യേശുക്രിസ്തു) ക്രൂശിക്കപ്പെടും എന്നതാണ് പ്രവചനസാരം. 7 ഉം 62 ഉം ആഴ്ചവട്ടംപോലെ ഒന്നിന് പുറകിലായി ഒന്നായിട്ട് സംഭവിക്കുന്നതുപോലെ അല്ല 69-ാം ആഴ്ചവട്ടം കഴിഞ്ഞ് 70-ാം ആഴ്ചവട്ടം സംഭവിക്കുന്നത്. 69-ഉം 70-ഉം ആഴ്ചവട്ടങ്ങൾക്കിടയിൽ ചില വർഷങ്ങളുടെ ഒരു വിടവ് ഉണ്ട്.

**69-ഉം 70-ഉം ആഴ്ചവട്ടങ്ങളുടെ വിടവിൽ സംഭവിക്കുന്ന കാര്യങ്ങൾ**

1. കർത്താവായ യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവും മശിഹായുടെ ശുശ്രൂഷയും അവന്റെ ക്രൂശുമരണവും, അങ്ങനെ മശിഹാ ഛേദിക്കപ്പെടും.

2. വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം (വരുവാനിരിക്കുന്ന പ്രഭു അന്തിക്രിസ്തു. അവന്റെ പടജ്ജനം) റോമൻ സൈന്യം.

3. നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും. (തീത്തോസ് കൈസറിന്റെ പടജ്ജനമാണ് യരുശലേം നഗരത്തെയും ദൈവാലയത്തെയും എ.ഡി.70-ൽ നശിപ്പിച്ചത്)

4. പിന്നീടുള്ള കാലഘട്ടം വിശേഷിച്ച് യഹൂദജാതിക്ക് യുദ്ധങ്ങളുടെയും ശൂന്യതയുടേയും കാലം ആയിരിക്കും.

5. വരുവാനുള്ള പ്രഭു ആയ അന്തിക്രിസ്തു പ്രത്യക്ഷപ്പെടും. ഒരു ആഴ്ചവട്ടത്തേയ്ക്കു യിസ്രായേൽ പ്രഭുക്കന്മാരോട് ഒരു ഉറച്ചനിയമം ചെയ്യും (ദാനി. 9:26, 27(a) അന്തിക്രിസ്തുവിന്റെ മഹോപദ്രവകാലമായിരിക്കും അവസാനത്തെ ആഴ്ചവട്ടം (7 വർഷങ്ങൾ). 69-ഉം 70-ഉം ആഴ്ചവട്ടത്തിന്റെ കാലവിടവിലാണ് കർത്താവ് തന്റെ സഭയെ ഭൂമിയിൽ പണിയുന്നത്. കർത്താവ് സഭയെ മദ്ധ്യാകാശത്തിലേയ്ക്ക് എടുക്കുമ്പോൾ അന്തിക്രിസ്തു പ്രത്യക്ഷപ്പെട്ട് യഹൂദജാതിയോട് തന്റെ കരാർ ഉറപ്പാക്കും. അതോടെ 70-ാം ആഴ്ചവട്ടം തുടങ്ങുകയും ചെയ്യും.

**70-ാം ആഴ്ചവട്ടം**

7+62=69 ആഴ്ചവട്ടങ്ങൾ (483) യഹൂദനുവേണ്ടി ദൈവം വേർതിരിച്ച സംവത്സരങ്ങൾ പൂർത്തിയായി. എന്നാൽ ഒടുക്കത്തെ ആഴ്ചവട്ടം തുടങ്ങിയതുമില്ല. 69 ആഴ്ചവട്ടത്തിനും അവസാനത്തെ ഒരു ആഴ്ചവട്ടത്തിനും ഇടയിൽ ഒരു വലിയ വിടവിന്റെ കാലയളവ് കാണാം. ആ കാലയളവാണ് സഭാകാലയളവ് (കൃപായുഗം). ഈ കൃപായുഗ കാലയളവിൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിക്കുന്ന ജാതികളിൽപ്പെട്ടവർക്കും യഹൂദനിൽപ്പെട്ടവർക്കും പാപമോചനവും രക്ഷയും പ്രാപിച്ച് കർത്താവിന്റെ ശരീരമാകുന്ന മണവാട്ടിസഭയുടെ അംഗങ്ങളായിതീരാം. ഇന്ന് സഭയുടെ പണി തുടർന്നുകൊണ്ടിരിക്കുന്നു. സഭയുടെ അംഗമാകാനുള്ള അവസാന വ്യക്തിയും ചേർന്നു കഴിയുമ്പോൾ കർത്താവ് സഭയെ മദ്ധ്യാകാശത്തിലേക്ക് ചേർത്തുകൊള്ളും. നിങ്ങൾക്കും ഇപ്പോൾ ക്രിസ്തു ക്രൂശുമരണത്തിലൂടെ ഒരുക്കിയ മഹാരക്ഷയ്ക്കു അവകാശികളായിതീരാം. ക്രിസ്തുവിൽ വിശ്വസിച്ച് അവനെ ഉള്ളത്തിൽ സ്വീകരിക്കുക. സഭ ഭൂമിയിൽ നിന്നു എടുത്തുകൊള്ളപ്പെടുമ്പോൾ അന്തിക്രിസ്തു പ്രത്യക്ഷപ്പെടുകയും യഹൂദനോട് ഒരു ഉടമ്പടി ഉറപ്പിക്കുകയും ഭൂമിയിൽ മഹോപദ്രവകാലം തുടങ്ങുകയും ചെയ്യും (2 തെസ്സ. 2:6-7; 2 പത്രോ. 3:9-10).

**ഒരു പ്രത്യേക തീയതി മുതൽ 483 വർഷം തികയുമ്പോൾ മശിഹാ (അഭിഷിക്തൻ) ഛേദിക്കപ്പെടും**

യെരുശലേമിനെ പുതുക്കി പണിയാൻ കല്പന കൊടുക്കുന്നത് അർത്ഥഹ്ശ്രഷ്ടാ രാജാവ് ഡിക്രി പുറപ്പെടുവിക്കുന്നത് മാർച്ച് 14, ബി.സി. 444-ൽ ആണ്. അത് നെഹമ്യാവിന്റെ അപേക്ഷപ്രകാരം പുറപ്പെടുവിച്ചതാണ് (നെഹ. 2:1-8) ഈ ഡിക്രി മുതൽ 483 വർഷം (69 ആഴ്ചവട്ടം) തികയുമ്പോൾ മശിഹാ ഛേദിക്കപ്പെടും എന്നാണ് പ്രവചനസാരം. യേശുക്രിസ്തുവിന്റെ യെരുശലേം ദൈവാലയത്തിലേയ്ക്കുള്ള ജയഘോഷപ്രവേശനം മാർച്ച് 5, 32 എ.ഡി. യിൽ ആണ്. മാർച്ച് 14, 444 ബി.സി. മുതൽ മാർച്ച് 6, 32 എ.ഡി. വരെ 476 വർഷങ്ങളാണ്.

നമ്മുടെ കണക്കിൽ 476 വർഷത്തെ 365 ദിവസങ്ങൾകൊണ്ട് ഗുണിക്കണം. 476X365=173740 വർഷങ്ങൾ. ഇതിനോടു കൂടെ 116 ലീപ് ഇയറിന്റെ വർഷങ്ങളും മാർച്ച് 14 മുതൽ ഏപ്രിൽ 4 വരെയുള്ള 24 ദിവസങ്ങളും കൂട്ടണം (173740+116+24=173880 ദിവസങ്ങൾ) യെരുശലേമിനെ പുതുക്കി പണിവാൻ കല്പന ലഭിച്ചതു മുതൽ 173,880 ദിവസങ്ങൾ ആകുമ്പോൾ മശിഹാ യെരുശലേം ദൈവാലയത്തിൽ കഴുതപ്പുറത്ത് എഴുന്നള്ളി എത്തി. (സെഖ.9:9, ലൂക്കോ.19:38). ഈ എഴുന്നള്ളത്ത് ഏപ്രിൽ 6, 32 എ.ഡിയിൽ ആയിരുന്നു. 6 ദിവസത്തിനകം വെള്ളിയാഴ്ച ദിവം യേശു ക്രൂശിക്കപ്പെട്ടു.

(ഈ കണക്ക് നമുക്ക് ഇങ്ങനെയും ചെയ്യാം. 69 ആഴ്ചവട്ടം X 7 = 483 വർഷങ്ങൾ X 360 പ്രവചന ദിവസങ്ങൾ = 173,880)

69 ആഴ്ചവട്ടം (7+62=69) കഴിഞ്ഞിട്ട് അഭിഷിക്തൻഛേദിക്കപ്പെടും. അതായത് യേശുക്രിസ്തു കാൽവരിക്രൂശിൽ മരിക്കും എന്ന ദാനിയേലിന്റെ പ്രവചനം (യേശുവിന്റെ ജനനത്തിന് 500 വർഷം മുമ്പുള്ള പ്രവചനം) വളരെ കൃത്യമായി നിറവേറി എന്നു നോക്കുക. പ്രവചനങ്ങൾ യേശുക്രിസ്തുവിന്റെ സാക്ഷ്യപത്രങ്ങൾ അത്രേ!

(NB അർത്ഥഹ്ശഷ്ടാഹിന്റെ ഡിക്രി ബി.സി. 445 ൽ ആണെന്നും 444-ൽ ആണെന്നും അഭിപ്രായഭേദം ഉണ്ട്. ആയതിനാൽ യേശുക്രിസ്തുവിന്റെ മരണം എ.ഡി. 32 ൽ ആണെന്നും എ.ഡി. 33 ൽ ആണെന്നും വലിയ പണ്ഡിതന്മാർ വാദിക്കുന്നു. ❖

**Y.S.R.**

# ഏകരക്ഷാ മാർഗ്ഗം

വൈ. എസക്കിയേൽ

രക്ഷ എന്ന പദം ഏതൊരു മനുഷ്യനും കേട്ടിട്ടുണ്ട്. ആ വിഷയം അത്ര സുപരിചിതമാണ്. പുരുഷനും സ്ത്രീയും അതു കേട്ടിട്ടുണ്ട്. പണ്ഡിതനും പാമരനും, ധനവാനും ഭിക്ഷുവും, ആസ്തികനും നാസ്തികനും ഒരുപോലെ കേൾക്കുന്നതാണ്. നിരീശ്വരനും ഇത് ഒരു പ്രശ്നം തന്നെ. അവനെയും മനസ്സാക്ഷി അലട്ടാതിരിക്കുന്നില്ല. അവന്റെ ഭാവിയെക്കുറിച്ചുള്ള ആശങ്ക അന്തഃകരണം അവന്നു നൽകുകയും രക്ഷ സമ്പാദിക്കുവാൻ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഒഴികഴിവുപറഞ്ഞു മാറുന്നതാണ് അവന്റെ നിരീശ്വരവാദം. ദൈവം ഇല്ല എന്നു പറഞ്ഞുകൊണ്ടു തന്നെത്താൻ തൃപ്തനായി ജീവിക്കുന്നു. മറ്റുള്ളവരും ഓരോ മറകളിൽ ഒളിഞ്ഞു നിൽക്കുകയാണ്.

ചിലർ തങ്ങളുടെ സൽപ്രവൃത്തികളിൽ ആശ്രയിക്കുന്നു. ചിലർ തങ്ങളുടെ മതങ്ങളിലും വിദ്യകളിലും ആശ്രയിക്കുന്നു. വേറെ ചിലർ തങ്ങൾക്കു ലഭിച്ചതായി അവർ വിചാരിക്കുന്ന സ്വന്ത തോന്നലുകൾക്കനുസാരമായ അനുഭവങ്ങളിൽ ചാരി നിൽക്കുന്നുണ്ട്. ഇങ്ങനെ, എല്ലാവരും ഓരോ വിധത്തിൽ തങ്ങളുടെ മനസ്സാക്ഷിയെ തൃപ്തിപ്പെടുത്തുകയും രക്ഷാമാർഗ്ഗം ആവശ്യമാണെന്നു വിളിച്ചറിയിക്കുകയും ചെയ്യുന്നു. ഇവർ എല്ലാവരും തങ്ങളുടെ തോന്നലുകൾക്കും അറിവിന്നും പരിശീലനത്തിന്നും ഒത്തവണ്ണം അത് അന്വേഷിക്കുന്നു. എങ്കിലും രക്ഷാമാർഗ്ഗം വിവിധമായിരിക്കുന്നില്ല. രക്ഷയും പലതില്ല. പാപത്താൽ ദൈവത്തിൽ നിന്നും അകന്നുപോയ മനുഷ്യൻ ദൈവത്തോടടുക്കുന്നതിനുള്ള വഴിയാണ് രക്ഷാമാർഗ്ഗം.

ദൈവം ഏകൻ. ഏതു ജാതിയിലോ മതത്തിലോ ആയിരുന്നാലും മനുഷ്യൻ എന്ന നിലയിൽ മനുഷ്യർ എല്ലാവരും ഒരു അവസ്ഥയിലാണു സ്ഥിതിചെയ്യുന്നത്. ദൈവം വിശുദ്ധൻ; ഏതു നിലയിൽ ജീവിക്കുന്നവനായിരുന്നാലും മനുഷ്യൻ അശുദ്ധൻ. ദൈവം അനന്യൻ; മനുഷ്യൻ എപ്പോഴും മാറുന്നവൻ. ദൈവം വിശ്വസ്തൻ; മനുഷ്യൻ അവിശ്വസ്തൻ. ദൈവം നീതിമാൻ; സകല മനുഷ്യരും നീതികെട്ടവർ. ഇങ്ങനെ, ദൈവം ഒരു ഭാഗത്തും മനുഷ്യൻ മറുഭാഗത്തും നിൽക്കുന്നു. ഒരേ നിലയിലുള്ള മനുഷ്യന്, നേരെ വിപരീത സ്ഥാനത്തിങ്കൽ സ്ഥിതിചെയ്യുന്ന ദൈവത്തിങ്കലേക്കു ചേരുവാൻ ഒരു മാർഗ്ഗമല്ലാതെ പല മാർഗ്ഗങ്ങൾ ഇല്ല. അതിനാൽ രക്ഷയ്ക്കു വിവിധമാർഗ്ഗങ്ങൾ ഉണ്ട് എന്ന അഭിപ്രായം തികച്ചും യുക്തിവിരുദ്ധം ആകുന്നു. "നിങ്ങളുടെ അകൃത്യങ്ങളത്രെ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്" (യെശ. 59:2) എന്നു പറഞ്ഞിരിക്കുന്നു. "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നു കാൺമാൻ യഹോവ സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല; ഒരുത്തൻ പോലുമില്ല; (സങ്കീ.14:2,3) "ഒരു വ്യത്യാസവും ഇല്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" റോമ.3:23 എന്നിങ്ങനെ തിരുവെഴുത്തു തീർത്തു പറയുന്നു.

"അരനെറിയറിന്തു സാർവോർ-
ആയിരത്തൊരുവരാവർ
കരുനെറിയറിന്തു സാർവോർ-
കോടിയിലൊരുവരാവർ
പൊരുനെറിയറിന്തു സാർവോർ-
പൂതലത്തൊരുവരാവർ
പരനെറിയറിന്തു സാർവോർ-
പാർത്തതും കേട്ടതില്ലെ",

എന്നിങ്ങനെ പട്ടണത്തുപ്പിള്ളയാരും പാടിയിട്ടുണ്ട്. 'ശിവവാക്യം അറിഞ്ഞു ജീവിക്കുന്നവരായി ആയിരം പേരിൽ ഒരാൾ ഉണ്ടായെന്നുവരാം; ഗുരുക്കന്മാരുടെ വാക്കുകളെ ഗ്രഹിച്ചു ജീവിക്കുന്നവർ കോടിയിൽ ഒരാളെക്കണ്ടെന്നുവരാം; കാര്യങ്ങളുടെ സാരം ഗ്രഹിച്ചു ജീവിക്കുന്നവനായി ഭൂമിയിൽ ഒരു മനുഷ്യനെ കണ്ടെന്നുവരാം. എങ്കിലും ദൈവഹിതം അറിഞ്ഞു ജീവിക്കുന്നവരെ കണ്ടിട്ടും കേട്ടിട്ടും ഇല്ല'. അവ്വണ്ണം, മനുഷ്യർ എല്ലാവരും പാപികൾ എന്നതു തീർത്തുസമ്മതിക്കാതെ നിവൃത്തിയില്ല. രാജാവും പ്രജയും, കുബേരനും കുചേലനും, ഭക്തനും അഭക്തനും പാപിതന്നെ. പാപത്തിന്നു പരിഹാരം വരാതെ മനുഷ്യന്നു ദൈവത്തെ പ്രാപിപ്പാൻ സാദ്ധ്യമല്ല. അതിനാൽ പാപം മാറുന്നതാണ്, ദൈവവുമായുള്ള ഭിന്നതതീർന്നു

ദൈവത്തെ പ്രാപിക്കുവാനുള്ള ഏകമാർഗ്ഗം. അതാണു രക്ഷാമാർഗ്ഗം.

ആദികാലം മുതൽതന്നെ മനുഷ്യൻ തന്റെ രക്ഷയ്ക്കുള്ള മാർഗ്ഗം അന്വേഷിച്ചു കൊണ്ടിരുന്നു. അതിന്റെ ഫലമായിട്ടാണു മതങ്ങൾ ആവിർഭവിച്ചത്. എന്നാൽ അവയെല്ലാം മനുഷ്യന്റെ തോന്നലുകൾക്കും ചിന്താഗതിക്കും ഒത്തവണ്ണം വിവിധമായിരിക്കുകയാണ്. അവയാൽ രക്ഷ പ്രാപിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് അവയൊന്നും രക്ഷാമാർഗ്ഗവും ആയിരിക്കുന്നില്ല. മനുഷ്യന്റെ ഈ ബലഹീനാവസ്ഥ കണ്ട് ദൈവം ആദി മുതൽ തന്റെ മാർഗ്ഗം വെളിപ്പെടുത്തിക്കൊണ്ടിരുന്നു. ആദ്യമാതാപിതാക്കൾ തെറ്റിയപ്പോൾ തന്നെ ദൈവം രക്ഷാമാർഗ്ഗം അവർക്ക് ഉപദേശിച്ചു കൊടുത്തു. എങ്കിലും ദൈവം വെളിപ്പെടുത്തിയ മാർഗ്ഗത്തെക്കാൾ തങ്ങളുടെ വിചാരങ്ങളെയും ജ്ഞാനത്തെയും ശ്രേഷ്ഠതരമായിട്ടു മനുഷ്യൻ കണ്ടുകൊണ്ടിരുന്നു. അവർ തെറ്റിപ്പോകുന്തോറും ദൈവം വീണ്ടും വീണ്ടും തന്റെ മാർഗ്ഗം അധികമായി വെളിപ്പെടുത്തിക്കൊണ്ടിരുന്നു. അവ്വണ്ണമുള്ള വെളിപ്പാടുകളുടെ രേഖാ സംഭരണമത്രെ ബൈബിൾ എന്നു വിളിക്കപ്പെടുന്ന സത്യവേദപുസ്തകം. ആകയാൽ ബൈബിൾ മാത്രമെ രക്ഷാമാർഗ്ഗത്തിന്റെ വിശദീകരണവും അടിസ്ഥാനപ്രമാണവുമായിട്ടിരിക്കുന്നുള്ളു. അതുകൊണ്ട് അതിൽ നിന്നും ഈ വിഷയത്തെക്കുറിച്ചു നോക്കാം.

രക്തച്ചൊരിച്ചിൽ അഥവാ യാഗമാണ് പാപമോചനത്തിനുള്ള ഏക ഉപാധി. "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" എബ്രാ. 9:22. എന്നാൽ ആ യാഗരക്തം പാപപങ്കിലമാകാത്തതും സകല മനുഷ്യരാശിക്കും വേണ്ടുന്ന പാപപരിഹാരത്തിനു കഴിവുള്ളതും ആയിരിക്കേണ്ടതാണ്. അതുകൊണ്ട് സൃഷ്ടിയിൽപെടാത്തവനും സകലരുടെയും സ്രഷ്ടാവുമായ ദൈവപുത്രൻ മനുഷ്യനായിത്തീർന്നിട്ടു തന്റെ നിർമ്മല രക്തം ചൊരിഞ്ഞു. അങ്ങനെ തന്റെ രക്തം സകലപാപികളുടെയും സകല പാപങ്ങളെയും ശുദ്ധീകരിപ്പാൻ പര്യാപ്തമായി. "അവന്റെ (ദൈവത്തിന്റെ) പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു". 1 യോഹ. 1:7. അങ്ങനെ, താൻ ഏക രക്ഷിതാവായി നിൽക്കുകയും തന്റെ യാഗം ഏക രക്ഷാമാർഗ്ഗമായിരിക്കുകയും ചെയ്യുന്നു. അതിനാൽ,

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്നു താൻ പറയുന്നു. യോഹ. 14:6. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നു പറഞ്ഞുകൊണ്ട് താൻ എല്ലാവരേയും തങ്കലേക്കു ക്ഷണിക്കുന്നു. മത്താ. 11:28. വായനക്കാരൻ രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ, ഇപ്പോൾതന്നെ അവന്റെ അടുക്കൽ ചെല്ലുക. അവൻ പാപഭാരം നീക്കി ആശ്വസിപ്പിക്കും. "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു പ്രകാരത്തിലും തള്ളിക്കളകയില്ല" എന്നും അവൻ ഉറപ്പു പറയുന്നു. യോഹ. 6:37.

ഈ ഒരു രക്ഷാമാർഗ്ഗമല്ലാതെ വേറെ രക്ഷാമാർഗ്ഗം ഇല്ല. "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെയിടയിൽ നൽകപ്പെട്ട വേറൊരുനാമവും ഇല്ല" പ്രവൃ. 4:12. ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യേ മാദ്ധ്യസ്ഥം വഹിക്കുവാനും വേറാരും ഇല്ല. "ദൈവം ഒരുവനല്ലൊ; ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ". 1 തിമൊ. 2:5,6.

ഈ സത്യത്തെ വെളിവാക്കുവാൻ ദൈവം ധാരാളം ദൃഷ്ടാന്തങ്ങളും തന്നിട്ടുണ്ട്. അവയിൽ രണ്ടെണ്ണം നോക്കാം. നോഹയുടെ പെട്ടകം മുന്നൂറു മുഴം നീളവും അൻപതു മുഴം വീതിയും മുപ്പതുമുഴം ഉയരവുമായി മൂന്നുനിലയുള്ള ഒരു വലിയ കപ്പൽ ആണ്. എന്നാൽ അതിലേക്കുള്ള പ്രവേശനദ്വാരമായ വാതിൽ ഒന്നുമാത്രമേയുള്ളു. ഉല്പ. 6:16; 7:16. 'വാതിൽ' എന്ന് ഏകവചനത്തിൽ പറഞ്ഞിരിക്കുന്നു. സമാഗമന കൂടാരത്തിന്റെ പ്രാകാരം നൂറുമുഴം നീളവും അൻപതുമുഴം വീതിയുമുള്ളതാണ്. നാലു ഭാഗത്തും ജനം ലക്ഷക്കണക്കായിപ്പാർത്തിരുന്നു. എന്നാൽ അതിനകത്തു പ്രവേശിക്കുവാൻ ഒരു ഭാഗത്തുമാത്രം ഒരേ ഒരു വാതിൽ നിയമിക്കപ്പെട്ടു. പുറ. 27:16. ഏതു വശത്തുകൂടെയും കയറുവാൻ പാടില്ല. ക്രിസ്തുവാകുന്ന വാതിൽ വഴിയായി മാത്രമെ മനുഷ്യൻ ദൈവസന്നിധിയിൽ പ്രവേശിക്കുകയുള്ളു. ആ സത്യത്തെ തെളിയിക്കുവാനാണ് ഇവയിൽ ഒരു വാതിൽ മാത്രം വയ്ക്കുവാൻ ദൈവം നിർദ്ദേശം നൽകിയത്. ഇത് എത്രയും വ്യക്തമായിട്ടു ദൈവം വിളിച്ചറിയിക്കുന്നു. ❖

# മാനദണ്ഡമാക്കുവാൻ യോഗ്യതയില്ലാത്ത മാനദണ്ഡം

Evangelist Dani Ezekiel, MA, M.Th.

**രക്ഷയ്ക്കായുള്ള ഏക മാനദണ്ഡം**

രക്ഷയ്ക്കായി വിശ്വാസമൊഴികെ ഒരുവിധത്തിലും ഉള്ള മാനദണ്ഡങ്ങളും ദൈവം നമുക്കായി വച്ചിട്ടില്ല എന്ന് നമുക്ക് വളരെ സ്പഷ്ടമായിട്ട് അറിയാം. എന്നാൽ ആ വിശ്വാസം പോലും ദൈവത്തിന്റെ ദാനമാണല്ലോ. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു" (എഫെ.2:8). അങ്ങനെയായാൽ രക്ഷയ്ക്കായുള്ള മാനുഷപ്രയത്നങ്ങളുടെ വിഫലത എത്രയെന്ന് നമുക്ക് മനസ്സിലാക്കാവുന്നതേ ഉള്ളു: "കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല. അല്ലെങ്കിൽ കൃപ കൃപയല്ല" (റോമർ 11:6) അങ്ങനെ എങ്കിൽ കുലമഹിമയോ മറ്റേതൊരു പ്രശംസയും തികച്ചും അപ്രസക്തമാണ്. "അതിൽ യെഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ (ഗലാ. 3:28). "ക്രിസ്തുയേശുവിൽ പരിച്ഛേദനയല്ല അഗ്രചർമ്മവുമല്ല സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രേ കാര്യം" (ഗലാ. 5:6). ഇങ്ങനെ രക്ഷയ്ക്കായി ഒരു മാനദണ്ഡംപോലും ഇല്ലെങ്കിൽ ദൈവം മനുഷ്യനെ രക്ഷിക്കയും ശിക്ഷിക്കയും ചെയ്യുന്നത് എന്ത് അടിസ്ഥാനത്തിലാണ്? ശിക്ഷിക്കുന്നതിനുള്ള അടിസ്ഥാനം "ന്യായവിധി എന്നതോ വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തിദോഷമുള്ളതാകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതുതന്നേ" (യോഹ. 3:19). അതുപോലെ തന്നേ രക്ഷയ്ക്കായുള്ള മാനദണ്ഡവും ഉണ്ടാകണമല്ലോ. അതായത് എന്ത് കൊണ്ടാണ് ഒരു മനുഷ്യനെ ദൈവം രക്ഷിക്കുന്നത്? അത് പ്രവൃത്തിയിലോ കുലമഹിമയിലോ നേടുവാൻ ആകില്ല എന്ന് മാത്രമല്ല നാം വിശ്വസിക്കുന്നെങ്കിലും അതും ദൈവദാനമാണ്. അപ്പോൾ മാനുഷപക്ഷത്ത് നിന്ന് രക്ഷയ്ക്കാധാരമായി ഒരു മാനദണ്ഡവും ഇല്ലെന്നാണോ? ഇത് വളരെ സങ്കീർണ്ണമായതാണ്. ശിക്ഷയ്ക്കായി മാനദണ്ഡം ഉണ്ടെങ്കിൽ രക്ഷയ്ക്കായി ഒരു മാനദണ്ഡം എങ്കിലും ഉണ്ടായിരിക്കണം. ആ ഏകമാത്രമാനദണ്ഡം ഏതെന്ന് നമുക്ക് നോക്കാം.

**രക്ഷയ്ക്കായുള്ള ഏക മാനദണ്ഡം - പാപത്താലുള്ള അരിഷ്ടത**

"എനിക്കു കരുണ തോന്നേണം എന്നുള്ളവനോടു കരുണ തോന്നുകയും എനിക്ക് കനിവു തോന്നേണം എന്നുള്ളവനോട് കരുണ തോന്നുകയും ചെയ്യും" എന്ന് അവൻ മോശെയോടു അരുളിച്ചെയ്യുന്നു. അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നത് (റോമ. 9:15,16).

മുകളിൽ ഉന്നയിച്ച വാദമുഖങ്ങൾ ഈ വാക്യത്തിലും കാണാം. ഇച്ഛിക്കുന്നവനാലോ, പ്രവർത്തിക്കുന്നവനാലോ അല്ല രക്ഷ വരുന്നത്. എന്നാൽ പിന്നെ എവിടെ നിന്നാണ് രക്ഷവരുന്നത് എന്ന് ഇവിടെ പറയുന്നു; അതായത് കരുണ തോന്നുന്ന ദൈവത്തിൽ നിന്നും. മനുഷ്യൻ കരുണയ്ക്ക് അത്രയ്ക്ക് ആവശ്യക്കാരൻ ആയിത്തീർന്നത് അവൻ പാപത്തിൽ വീണ് അരിഷ്ടനായതിന് ശേഷമാണ്. ഈ നിസ്സഹായ അവസ്ഥയിൽ അവന്റെ പ്രവൃത്തികൊണ്ടോ, ഇച്ഛയാലോ അവന് കരകയറാനാകില്ല. പിന്നെയോ ഏക പോംവഴി ദൈവിക കരുണമാത്രം. പാപം മാരകം എങ്കിലും പാപം എല്ലാ മനുഷ്യരേയും ദൈവ കരുണയ്ക്ക് അർഹരാക്കി മാറ്റി. അത്യുഗ്ര തീവ്രവ്യാപനത്തോടെ സകലമനുഷ്യരിലും പരന്ന പാപത്തിന്റെ ഉഗ്രതയെ (റോമർ 5:12). തന്റെ ഉദ്ദേശത്തിനായി ദുഷ്ടനെപ്പോലും നിർമ്മിച്ചിരിക്കുന്ന ദൈവം (സദൃശ. 16:4) അത്യന്തം ജ്ഞാനത്തോടെ വിനിയോഗിച്ചു എന്ന് പൗലോസ് സാക്ഷ്യപ്പെടുത്തുന്നു. "ദൈവം എല്ലാവരോടും കരുണ ചെയ്യേണ്ടതിന് എല്ലാവരേയും അനുസരണക്കേടിൽ അടെച്ചു കളഞ്ഞു. ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു" (റോമർ 11:32, 33). "...പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു" (റോമർ 5:20).

അതായത് മനുഷ്യഭാഗത്ത് നിന്ന് അവനെ രക്ഷിക്കാൻ ദൈവം കണ്ട ഏക മാനദണ്ഡം മനുഷ്യനിൽ പാപം വരുത്തിവെച്ച അരിഷ്ടതയാണ് എന്ന് വ്യക്തമാകുന്നു. ഉർവ്വശീശാപം അനുഗ്രഹമായി എന്ന് മറ്റു മതങ്ങൾ പറയുമെങ്കിലും നമ്മോട് അടുത്ത് നമ്മുടെ ശരീരാത്മദേഹികളെ പിച്ചിച്ചീന്തിയ പാപത്തിന്റെ

തിന്മയെ നന്മയാക്കിയത് തിരുവെഴുത്തുകളിലെ ദൈവം മാത്രമാണ്. അതായത് നമ്മുടെ ഏകയോഗ്യത മാനദണ്ഡം പാപം നമ്മിൽ വരുത്തിയ അയോഗ്യത ആയിരുന്നു. പഴയ-പുതിയ നിയമങ്ങളിൽ നിന്നും ചില ഉദാഹരണങ്ങൾ നോക്കാം:

**പാപത്തിന്റെ അയോഗ്യത യോഗ്യതയായപ്പോൾ- പഴയ നിയമത്തിൽ:**

യാക്കോബാണ് പഴയനിയമത്തിൽ നിന്നുള്ള ഉദാഹരണം. "യിസ്രായേൽ എന്നു പേർ വിളിക്കപ്പെട്ടവരും യെഹൂദയുടെ വെള്ളത്തിൽ നിന്ന് ഉത്ഭവിച്ചവരും യഹോവയുടെ നാമത്തിൽ സത്യം ചെയ്യുന്നവരും സത്യത്തോടും നീതിയോടുംകൂടെയല്ലെങ്കിലും യിസ്രായേലിന്റെ ദൈവത്തെ കീർത്തിക്കുന്നവരും ആയ യാക്കോബ് ഗൃഹമേ, ഇതു കേട്ടുകൊൾവിൻ..... V.8 നീ കേൾക്കയോ അറികയോ നിന്റെ ചെവി അന്നു തുറക്കപ്പെടുകയോ ചെയ്തിട്ടില്ല. നീ വളരെ ദ്രോഹം ചെയ്തു, ഗർഭം മുതൽ വിശ്വാസവഞ്ചകൻ എന്ന് വിളിക്കപ്പെട്ടിരിക്കുന്നു എന്നു ഞാൻ അറിഞ്ഞു" (യെശ. 48:1,8).

യാക്കോബിൽ സത്യവും നീതിയും ഇല്ലായെന്നും എന്നാൽ ഉള്ളത് വിശ്വാസവഞ്ചന ആണ് എന്നും യെശയ്യാവ് പറയുന്നു. ഇത് എങ്ങനെ സംഭവിച്ചു എന്നത് ദാവീദ് നടത്തുന്ന പ്രസ്താവനയിൽ നിന്ന് ("ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീ. 51:5)) വളരെ വ്യക്തമാണ്. അതായത് ഒരു ശിശു അമ്മയുടെ ഉദരത്തിൽ ഉത്ഭവിക്കുന്നത് മുതൽ ആ കുഞ്ഞിനെ പാപം കടന്നാക്രമിച്ചു തുടങ്ങുകയാണ്. അതിനാലാണ് "ബാല്യത്തിലെ ക്രിയകളാൽ തന്നേ ഒരുത്തന്റെ പ്രവൃത്തി വെടിപ്പും നേരുമുള്ളതാകുമോ എന്ന് അറിയാം" എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ (സദൃശ.20:11) സാക്ഷ്യപ്പെടുത്തുന്നത്. ഏതായാലും അമ്മയുടെ ഗർഭപാത്രത്തിൽ അത്ര സാധാരണയല്ലാതെ ഒറ്റ അറയിൽ സ്ഥിതിചെയ്ത ഇരട്ടകളായ കുട്ടികൾ തമ്മിൽ ഛിദ്രം പ്രസവസമയത്ത് മാത്രമല്ല അതിന് മുന്നെ തന്നെ ഉടലെടുത്തിരുന്നു. വിവാഹശേഷം 20 വർഷത്തോളം മക്കളില്ലാതിരുന്ന റിബെക്ക (ഉല്പ. 25:20, 26) യിസ്ഹാക്കിന്റെ പ്രാർത്ഥനയാൽ ഗർഭം ധരിച്ചെങ്കിലും ശിശുക്കൾ തമ്മിലുള്ള തിക്കലിനാൽ മരിക്കാൻ ആഗ്രഹിക്കുന്നു. "തന്റെ ഭാര്യ മച്ചിയായിരുന്നതുകൊണ്ടു യിസ്ഹാക്ക് അവൾക്ക് വേണ്ടി യഹോവയോടു പ്രാർത്ഥിച്ചു; യഹോവ അവന്റെ പ്രാർത്ഥന കേട്ടു; അവന്റെ ഭാര്യ റിബെക്ക ഗർഭം ധരിച്ചു. അവളുടെ ഉള്ളിൽ ശിശുക്കൾ തമ്മിൽ തിക്കിയപ്പോൾ അവൾ ഇങ്ങനെയെങ്കിൽ ഞാൻ എന്തിന് ജീവിക്കുന്നു എന്ന് പറഞ്ഞ് യഹോവയോട് ചോദിപ്പാൻ പോയി" (ഉല്പ. 25:21,22). ഗുണമോ ദോഷമോ അറിയാത്ത കുഞ്ഞുങ്ങളെ ഛിദ്രപ്പിക്കുവാൻ പോലും പാപം ഉത്സുകമാണെന്ന് വ്യക്തം. പ്രസവിക്കാൻ കാലം ആയപ്പോൾ ഏശാവ് ആദ്യം ഇറങ്ങുന്നത് തടയുവാൻ യാക്കോബ് കുതികാൽ പിടിച്ച് (Heel Clutcher) ഒരു വിഫലശ്രമം നടത്തിനോക്കി.

പിന്നെ ഗുണവും ദോഷവും തിരിച്ചറിയാൻ തുടങ്ങിയപ്പോൾ ആണ് ഏശാവ് ആദ്യം ജനിച്ച് ആദ്യജാതനായതിന്റെ അനുഗ്രഹങ്ങൾ യാക്കോബ് മനസ്സിലാക്കുന്നത്. പിന്നെ ഈ ജന്മനഷ്ടം നികത്തി അനുഗ്രഹീതനാകുവാനുള്ള പരിശ്രമങ്ങൾക്ക് യാക്കോബ് ദൈവത്തെ കൂടാതെ തുടക്കമിട്ടു. അതിനായി പാപം സ്വന്തം അമ്മയിലൂടെയും ജ്യേഷ്ഠന്റെ അലസതയിലൂടെയും പല അനുകൂല സാഹചര്യങ്ങൾ ഒരുക്കി പാപത്തെ വിട്ട് ഓടുവാൻ ഇടയ്ക്കൊക്കെ ശ്രമിച്ച യാക്കോബിനെ വീഴിച്ചു കളഞ്ഞു. യഹൂദൻ കുരുടർക്ക് വഴികാട്ടിയും ഇരുട്ടിലുള്ളവർക്ക് വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ (റോമർ 2:20) ഒക്കെ ആയിരിക്കും എന്ന് പൗലോസ് വാദിക്കുന്നു. എങ്കിലും അവരുടെ യഥാർത്ഥ അപ്പനായ യാക്കോബ് പാപത്തിന്റെ സ്വാധീനത്താൽ കുരുടനായ സ്വന്തം പിതാവിനെ വട്ടം ചുറ്റിക്കയും, ഇരുട്ടിൽ തപ്പാൻ വിട്ട് മറയൻ ആക്കുകയുമായിരുന്നു. ലാബാന്റെ അടുക്കൽ എത്തിയെങ്കിലും ലാബാൻ ചതിച്ചതിന് പകരം ചതിച്ചു മുന്നേറിയെന്ന് വിചാരിക്കവേ ചതിയുടെ ഏറ്റവും വലിയ വേദന സ്വയം യാക്കോബ് അനുഭവിച്ചു. ജ്യേഷ്ഠനെ തന്റെ വരവ് അറിയിച്ചപ്പോൾ താൻ 400 ആളുകളുമായി വരുന്നു എന്ന ഏശാവിന്റെ വാക്കിൽ യാക്കോബ് ഭ്രമിച്ചുപോകയും തന്റെ മൃഗങ്ങളെ ആദ്യവും, തുടർന്ന് ദാസീദാസന്മാരെയും, പിന്നെ അനിഷ്ടയായ ഭാര്യയെയും മക്കളെയും അവസാനം ഇഷ്ടഭാര്യയെയും മകനെയും എല്ലാം അണിനിരത്തി ഏശാവിനോട് പ്രതിരോധം തീർത്തു നോക്കി. അവരെയെല്ലാം യോർദ്ദാൻ കടത്തി ഈ വിധം അണിനിരത്തിയ ശേഷം യാക്കോബ് തനിയെ ശേഷിക്കുന്നത് നമുക്ക് കാണാം. അതായത് അവരെ ഏശാവ് കൊന്നാലും തന്റെ ജീവൻ രക്ഷിക്കണം എന്ന് മാത്രം ആഗ്രഹിച്ച് മറുകരയിൽ എത്തിയ ഒരു ഭീരുവായി പാപം യാക്കോബിനെ മാറ്റിയിരുന്നു.

യാക്കോബ് ഇങ്ങനെ തനിയെ ശേഷിക്കവേ തന്റെ മനസ്സിന്റെ ഭാരത്താൽ തന്റെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടാവും. നഷ്ടം ഭീമമായിരുന്നു. നികത്താനാകാത്തതും. കാരണം ജ്യേഷ്ഠാവകാശം നേടിയെങ്കിലും യാക്കോബ് ജ്യേഷ്ഠന്റെ വൈരം സമ്പാദിച്ചിരുന്നു. അപ്പന്റെ അനുഗ്രഹം നേടിയെങ്കിലും ഒന്നും ജ്യേഷ്ഠന് അവശേഷിപ്പിക്കാതെ അപഹരിച്ചതിനാൽ അവന്റെ കോപം അന്നുതന്നെ ആളിക്കത്തുംമുമ്പെ വീടുവിട്ട് ഓടിപ്പോകേണ്ടിവന്നു. ഇപ്പോൾ സമ്പാദ്യം എല്ലാം കടലാസിൽ മാത്രമേ ഉള്ളൂ എന്ന് മാത്രവുമല്ല ഭയപ്പാടിലും ബദ്ധപ്പാടിലും ഓടിയതിനാൽ അന്തിയുറങ്ങാൻ തലയിണവച്ച് ഉറങ്ങിയേ ശീലമുണ്ടായിരുന്നതിനാൽ കല്ലിനെ തലയിണയാക്കേണ്ടിവന്നു. അതായത് കയ്യിൽ ഒരു പൊക്കണംപോലും എടുക്കാനാകാതെ രായ്ക്കുരാമാനം ഓടി എന്നത് സുവ്യക്തം. പിന്നത്തെ 21 വർഷങ്ങൾ ലാബാന്റെ വീട്ടിൽ ഫലത്തിൽ അടിമപ്പണിതന്നെയായിരുന്നു. അവിടുന്ന് രക്ഷപ്പെട്ട് ഓടിവന്നത് ഏശാവിന്റെ മുന്നിലേയ്ക്കും. നേടിയതെല്ലാം നഷ്ടപ്പെടും എന്നത് തന്നെയാണ് യാഥാർത്ഥ്യം. ദൈവത്തെക്കൂടാതെ എത്ര അനുഗ്രഹം നേടിയാലും ആ അനുഗ്രഹങ്ങളെ ശപിച്ച് തിന്മയാക്കുവാൻ ദൈവത്തിനു കഴിയും എന്ന് വളരെ വൈഷമ്യത്തോടെ മനസ്സിലാക്കി. "നിങ്ങൾ കേട്ടനുസരിക്കയും എന്റെ നാമത്തിന് മഹത്വം കൊടുപ്പാൻ തക്കവണ്ണം മനസ്സ് വെക്കുകയും ചെയ്യാഞ്ഞാൽ ഞാൻ നിങ്ങളുടെമേൽ ശാപം അയച്ചു നിങ്ങൾക്കുള്ള അനുഗ്രഹങ്ങളെയും ശപിക്കും എന്ന് സൈന്യത്തോടുകൂടി യഹോവ അരുളിച്ചെയ്യുന്നു. അതേ നിങ്ങൾ മനസ്സുവെയ്ക്കാകകൊണ്ട് ഞാൻ അവയെ ശപിച്ചുമിരിക്കുന്നു (മലാ.2:2)

എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് നേരിടുന്ന തിന്മയെ അനുഗ്രഹമാക്കുവാൻ കഴിയുന്നതും ദൈവത്തിന് മാത്രം എന്ന തിരിച്ചറിവ് വൈകിവന്ന വിവേകമായി യാക്കോബിൽ അങ്കുരിക്കുകയും അവിടെ കണ്ട ദൂതനുമായി മൽപിടിത്തത്തിൽ യാക്കോബ് ഏർപ്പെട്ടു. യാക്കോബിനെ അങ്ങനെ ജയിക്കുവാൻ കഴികയില്ലെന്ന് ദൂതൻ ആദ്യമേ തന്നെ മനസ്സിലാക്കി യാക്കോബിന്റെ ശക്തിയുടെ കുതിപ്പായ കുതികാലിന്റെ തടംതൊട്ടു. ഏശാവിന്റെ കുതികാലിനെ ഗർഭത്തിൽവച്ച് തന്നെ പിടിച്ചവന്റെ കുതികാലിന് ദൂതൻ പിടിത്തമൊന്നും ഇടേണ്ടിവന്നില്ല. ഒന്നു തൊട്ടതേയുള്ളു. യാക്കോബിന്റെ കുതിപ്പ് ഇതോടെ കിതപ്പായി മാറി. ഇതുവരേയും പിന്നേയും പിന്നേയും ചതിക്കുക, കുതിച്ചു ഓടിപ്പോവുക എന്നതായിരുന്നു യാക്കോബിന്റെ ശൈലി. ഏശാവിനെയും അപ്പനെയും ചതിച്ചിട്ട് കുതിച്ചോടി ലാബാന്റെ അടുക്കലേയ്ക്ക് അവിടെനിന്ന് കുതിച്ചോടി കനാനിലേയ്ക്ക്. അവിടെ ഏശാവിന്റെ കൈയ്യിൽ നിന്നും രക്ഷപ്പെടുവാൻ തന്റെ സമ്പത്തും കുടുംബത്തെയും അടയറവു വെച്ചിട്ട് യോർദ്ദാൻ കടന്ന് മറ്റെവിടേയ്ക്കെങ്കിലും കുതിക്കാൻ ഇരിക്കവേ ദൈവദൂതനെ കാണുകയും ഭാഗ്യവശാൽ അവനോട് അനുഗ്രഹത്തിനായി മല്ലിട്ടു. പക്ഷേ ഇനിയും ആരെയും ചതിച്ചിട്ട് കുതിച്ചോടിക്കളയാം എന്ന ചിന്ത മാറ്റുവാനായി ദൂതൻ തുടയെ തൊട്ടു. ഇപ്പോൾ തീർത്തും നിരായുധനും അശരണനുമായ യാക്കോബ് കരഞ്ഞു നിലവിളിച്ചു അനുഗ്രഹം പ്രാപിച്ച് യിസ്രായേൽ അഥവാ ദൈവത്തിന്റെ പ്രഭുവായി മാറ്റപ്പെട്ടു. "അവൻ ഗർഭത്തിൽവെച്ചു തന്റെ സഹോദരന്റെ കുതികാൽ പിടിച്ചു; തന്റെ പുരുഷപ്രായത്തിൽ ദൈവത്തോടു പൊരുതി. അവൻ ദൂതനോട് പൊരുതി ജയിച്ചു; അവൻ കരഞ്ഞു അവനോടു അപേക്ഷിച്ചു; അവൻ ബേഥേലിൽവെച്ചു അവനെ കണ്ടെത്തി, അവിടെവച്ച് അവൻ നമ്മോടു സംസാരിച്ചു" (ഹോശ. 12:3,4).

ഗുണമോ ദോഷമോ അറിയാത്ത ഗർഭാവസ്ഥയിൽപ്പോലും പാപത്തിന്റെ കടന്നാക്രമണത്താൽ ജ്യേഷ്ഠന്റെ കുതികാൽ കടന്നുപിടിച്ച യാക്കോബാണ് ഏശാവിനെക്കാൾ പാപത്തിന് വശംവദൻ എന്ന് നമുക്ക് മനസ്സിലാക്കാം. ജനിച്ചുകഴിഞ്ഞ് അനുഗ്രഹം നേടിക്കളയാം എന്ന് വച്ച് ഇറങ്ങിത്തിരിച്ചപ്പോഴും യാക്കോബിന് നഷ്ടം മാത്രമായിരുന്നു ഫലം. അതിനാലാകണം പാപം വലച്ച് അരിഷ്ടനാക്കിയ ഈ യാക്കോബിനെ ഗുണമോ ദോഷമോ ചെയ്യുന്നതിന് മുൻപേ തന്നെ ദൈവം കടന്നു സ്നേഹിച്ച് തിരഞ്ഞെടുത്തതും. അത്രയ്ക്ക് യാക്കോബ് പാപത്താൽ അരിഷ്ടനും അരക്ഷിതനും ആയിപ്പോയിരുന്നു. "കുട്ടികൾ ജനിക്കയോ ഗുണമാകട്ടെ ദോഷമാകട്ടെ ഒന്നും പ്രവർത്തിക്കയോ ചെയ്യുംമുമ്പെ തിരഞ്ഞെടുപ്പിൻപ്രകാരമുള്ള ദൈവനിർണ്ണയം പ്രവൃത്തികൾ നിമിത്തമല്ല വിളിച്ചവന്റെ ഇഷ്ടം നിമിത്തം വരേണ്ടതിന്: "മൂത്തവൻ ഇളയവനെ സേവിക്കും" എന്നു അവളോട് അരുളിചെയ്തു. "ഞാൻ യാക്കോബിനെ സ്നേഹിച്ചു ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നുവല്ലോ (റോമർ 9:11-13).

**പാപത്തിന്റെ അയോഗ്യത യോഗ്യതയായപ്പോൾ - പുതിയനിയമത്തിൽ:**

അപ്പൊസ്തലനായ പൗലോസാണ് പുതിയനിയമത്തിലെ ഉദാഹരണം. തിമൊഥെയോസിന്റെ ഒന്നാം ലേഖനത്തിൽ പൗലോസ് തന്നെത്തന്നെ ദൈവകൃപയുടെ ദൃഷ്ടാന്തമായി അവതരിപ്പിക്കുന്ന ഭാഗത്ത് പാപത്തിന്റെ അയോഗ്യതയാണ് തന്നെ രക്ഷയ്ക്കായി അത്രയ്ക്കും യോഗ്യനാക്കിയത് എന്നു പൗലോസ് പറയുന്നു. "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ. എന്നിട്ടും യേശുക്രിസ്തു നിത്യജീവനായിക്കൊണ്ടു തന്നിൽ വിശ്വസിപ്പാനുള്ളവർക്ക് ദൃഷ്ടാന്തത്തിനായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന് എനിക്ക് കരുണ ലഭിച്ചു" (1 തിമൊ. 1:15,16). പൗലോസ് ഇവിടെ തന്റെ ഏക യോഗ്യതയായിപ്പറയുന്നത് പാപം തന്നിൽ വരുത്തിവച്ച അയോഗ്യതയെയാണ്. അതിനാൽ എബ്രായരിൽ നിന്ന് എബ്രായനായി ജനിച്ച്, എട്ടാം നാളിൽ പരിച്ഛേദന ഏറ്റ് (ഫിലി. 3:4-6) സൂക്ഷ്മത ഏറിയ മതഭേദപ്രകാരം പരീശനായി ജീവിച്ച് (അപ്പൊ. 26:5) സമപ്രായക്കാരിൽ പലരെക്കാളും എരിവേറി (ഗലാ. 1:14) ഗമാലിയേലിന്റെ കാൽക്കൽ ഇരുന്ന് പഠിച്ച് (അപ്പൊ. 22:3) റോമൻ ദേശാധിപതി പൊർക്ക്യൊസ് ഫെസ്തൊസിനാൽ വിദ്യാബഹുത്വത്താൽ ഭ്രാന്ത് പിടിച്ചു എന്ന വിശേഷണം (അപ്പൊ. 26:24) എല്ലാം സമ്പാദിച്ചുവെങ്കിലും ഇവ ഉപയോഗിച്ച് ക്രിസ്തുവിനെയും ഉപദ്രവിക്കയും (അപ്പൊ. 9:4) ദൈവ സഭയെ മുടിച്ചുകളയുകയും (അപ്പൊ. 8:3; ഗലാ. 1:13, 23) ചെയ്യുന്ന ഖ്യാതിയേ പാപം പൗലോസിന് അനുവദിച്ചു കൊടുത്തുവല്ലോ. ഈ അസാധാരണ യോഗ്യതകൾ ഒരു ഒറ്റ മനുഷ്യനിൽ സമ്മേളിച്ചിട്ടും ആദ്യത്തെ ക്രൈസ്തവ രക്തസാക്ഷിയായ സ്തേഫാനൊസിനെ മാത്രമല്ല പല പരിശുദ്ധരെയും അരുംകൊല ചെയ്യുന്ന ഒരു വെറും കുലപാതകിയായി ഗമാലീയേലിന്റെ പിൻഗാമി എന്ന് വിശേഷിക്കപ്പെട്ടിരുന്ന പൗലൊസിനെ പാപം തരംതാഴ്ത്തി. "അതു ഞാൻ യെരുശലേമിൽ ചെയ്തിട്ടുമുണ്ട്; മഹാപുരോഹിതന്മാരോടു അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ ആക്കി അടെച്ചു; അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു" (അപ്പൊ. 26:10). ദൈവസഭയെ മുടിച്ചതിനാൽ അപ്പൊസ്തലനെന്ന പേരിന് തനിക്ക് അർഹതയില്ലെന്ന് പൗലോസ് തന്നെ സാക്ഷ്യപ്പെടുത്തി (1 കൊരി. 15:9) എങ്കിലും കർത്താവ് പാപികളിൽ ഒന്നാമനായ ശൗലിനെ തന്റെ അപ്പൊസ്തലന്മാരിൽ ഒരാൾ എന്നു മാത്രമല്ല അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലരിൽ ഒട്ടും കുറയാത്തവനും ആക്കി മാറ്റി (2കൊരി. 12:11).

പാപത്തിന്റെ അയോഗ്യതയായി യോഗ്യതയായി മാറ്റപ്പെട്ടു. അതായത് പാപത്തിന്റെ അതിപ്രസരത്താൽ ദൂഷകനും, നിഷ്ഠൂരനും, ഉപദ്രവിയും ഒക്കെ ആയി ഗുരുതരാവസ്ഥയിൽ ആയിരുന്ന ശൗലിന് അടിയന്തര ചികിസ്തതന്നെ ദൈവം വിധിച്ചു. ഗുരുതര രോഗിയുമായി പോകുന്ന ഒരു ആംബുലൻസിന് speed limit, speed governor, traffic rules ഒന്നും ബാധകമല്ല. കാരണം നിയമത്തിനല്ല ജീവനാണ് പ്രധാനം. പാപിയിൽ തന്റെ നിയമമല്ല ജീവനാണ് ദൈവം പകരുവാൻ ആഗ്രഹിക്കുന്നത്. അങ്ങനെ അടിയന്തരശ്രദ്ധ ലഭിച്ച് ശൗൽ ജീവൻ ലഭിച്ച് പൗലോസായി. അങ്ങനെ നിയമിക്കപ്പെട്ട ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് ക്രിസ്തുവിന്റെ ജീവൻ നൽകി വീണ്ടെടുത്തു.

**പാപത്തെ അനുഗ്രഹമാക്കുവാൻ ദൈവം ചെയ്യുന്നതെന്ത്?**

ബിലെയാമിന്റെ ശാപത്തെ അനുഗ്രഹമാക്കിയ ദൈവത്തിന് പാപത്തിന്റെ വഞ്ചനയെയും ഇങ്ങനെ തന്നെ അനുഗ്രഹമാക്കി മാറ്റുവാൻ കഴിയും. പക്ഷേ അത് ഏതുവിധത്തിലാണ് ദൈവം ചെയ്യുന്നതെന്ന് നമുക്ക് നോക്കാം. ഇതിനായി റോമാലേഖനം 9-ാം അദ്ധ്യായത്തിലെ തുടർമാനമായ 3 വാക്യങ്ങൾ ആണ് ആധാരം (റോമ. 9:11-17).

**1. ഗുണമോ ദോഷമോ ചെയ്യുന്നതിന് (റോമ. 9:11) മുമ്പല്ല ദൈവം തിരഞ്ഞെടുക്കുന്നത് ഉലക സ്ഥാപനത്തിനും മുൻപ്:**

റോമർ 9:11 ലെ ഗുണമോ ദോഷമോ ചെയ്യുന്നതും അത് ഗർഭാവസ്ഥയിൽ തുടങ്ങിയിരിക്കും എന്നും നാം യെശയ്യാവ് 48:8-ലും ഉല്പത്തി 25:22 ലും കണ്ടുവല്ലോ. എന്നാൽ ദൈവം അതിനും മുൻപാണ് തിരഞ്ഞെടുക്കുന്നത്; ലോകസ്ഥാപനത്തിനും മുൻപ്: "നാം അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിന് മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നല്കിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ" (എഫെ. 1:4-6).

പാപം ഗുണമോ ദോഷമോ ചെയ്യുന്ന പ്രായത്തിന് മുമ്പു യാക്കോബ് ഗർഭത്തിൽ വച്ചുതന്നേ വിശ്വാസ വഞ്ചകൻ ആക്കിയിട്ട് തുടർന്നും അരാജകത്തിന് വസംവദനാക്കും എന്ന് അറിഞ്ഞ ദൈവം ഒരുമുഴ മല്ല പല മുഴങ്ങളുമല്ല പല യുഗങ്ങൾ നീട്ടിയെറിഞ്ഞ് ഉലകസ്ഥാപനത്തിന് മുമ്പെതന്നേ യാക്കോബിനെയും ഹതഭാഗ്യരായ പാപികളെ എല്ലാം രക്ഷയ്ക്കായി തിര ഞ്ഞെടുത്തിരുന്നു.

**2. കരുണ തോന്നേണം എന്നുള്ളവനോട് കരുണ തോന്നുന്ന ദൈവം:**

"എനിക്ക് കരുണ തോന്നേണം എന്നുള്ളവനോടു കരുണ തോന്നുകയും എനിക്ക് കനിവ് തോന്നേണം എന്നുള്ളവനോടു കനിവു തോന്നുകയും ചെയ്യും" എന്നു അവൻ മോശെയോടു അരുളിച്ചെയ്യുന്നു. അതു കൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധി ക്കുന്നത്" (റോമർ 9:15,16). കണ്ണിൽ ചോരയില്ലാത്തവ നല്ല യിസ്രായേലിന്റെ യഹോവയായ ദൈവം. കരുണ തോന്നേണം എന്നുള്ളവനോട് തീർച്ചയായും കരുണ കാണിക്കുന്നവനാണ് ദൈവം. എന്നാൽ വെറുതെ യാക്കോബിനെപ്പോലെ അനുഗ്രഹത്തിനായി ഇച്ഛിച്ചിട്ടോ, വൃഥാനായി ഓടിയിട്ടോ കാര്യമില്ല. പിന്നയോ കരുണ തോന്നുന്ന ദൈവവുമായി ബന്ധപ്പെട്ടിരിക്കണം. കരുണ തോന്നുവാനുള്ള യോഗ്യത എന്താണ്? ആ ഏക യോഗ്യത പാപം കല്പിച്ചുകൊടുത്ത അയോഗ്യതത ന്നെയാണ്. ഈ അയോഗ്യതാ യോഗ്യത എല്ലാവർക്കും ഉണ്ട് എന്ന് നാം നേരത്തേ കണ്ടതാണ്. അതാണ് ദൈവം എല്ലാവരോടും കരുണ ചെയ്യേണ്ടതിന് എല്ലാ വരേയും അനുസരണക്കേടിൽ അടെച്ചു കളഞ്ഞു" (റോമർ. 11:32) എന്ന അത്യഗാധവും, അപ്രമേയവും അഗോചരവുമായ ദൈവജ്ഞാനം.

എന്നാൽ യാക്കോബും പൗലോസും ഈ അയോ ഗ്യതായോഗ്യത തങ്ങൾക്ക് ഉണ്ട് എന്നറിയാതെ അനു ഗ്രഹത്തിനായുള്ള സ്വന്തപ്രയത്നങ്ങളാൽ തളർന്നു പോയി. "അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ട് ദൈവ ത്തിന്റെ നീതിക്ക് കീഴ്പ്പെട്ടില്ല" (റോമ. 10:3). ഇരുവരും എപ്പോൾ ദൈവനീതിക്ക് കീഴ്പ്പെട്ടുവോ അപ്പോൾ അവർ സ്വതന്ത്രരും അനുഗ്രഹീതരുമായി മാറ്റപ്പെട്ടു.

**3. ദൈവത്തിന് കരുണ തോന്നേണ്ടതിന് കരുണാ പാത്രങ്ങളിൽ ഉണ്ടാകേണ്ടത് എന്ത്?**

തോന്നിയപാടേയുള്ള ഒരു കരുണ കാണിക്കലല്ല ദൈവത്തിന്റേത്. കണ്ണില്ലാത്ത വിധമുള്ളതോ ഉള്ളതം ഈ കാരുണ്യം എന്നും യഥാർത്ഥ ആവശ്യക്കാരനിൽ തന്നേ ഇത് എത്തും എന്നതും ആശ്വാസകരമാണ്. ആരാണ് ആ അനുഗ്രഹീത വ്യക്തികൾ എന്ന് അടുത്ത വാക്യം ക്രമാനുഗതമായി തന്നേ വെളിവാ ക്കുന്നു. "ഇതിന്നായിട്ടു തന്നേ ഞാൻ നിന്നെ നിറു ത്തിയിരിക്കുന്നത്; നിന്നിൽ എന്റെ ശക്തി കാണിക്കേ ണ്ടതിനും എന്റെ നാമം സർവ്വഭൂമിയിലും പ്രസ്താവി ക്കേണ്ടതിനും തന്നേ" എന്നു തിരുവെഴുത്തിൽ ഫറ യാനോട് അരുളിച്ചെയ്യുന്നു (റോമർ 9:17).

ദൈവം തന്റെ ശക്തി അനുകൂലമായും പ്രതികൂ ലമായും കാണിക്കും. ഇവിടെ ഫറവോനോടുള്ള ബന്ധത്തിൽ പ്രതികൂലമായിട്ട് വരുവാനുള്ള കാരണം 'ഹൃദയത്തെ കഠിനമാക്കി' എന്നതിനാലാണ്. പുറപ്പാട് പുസ്തകത്തിൽ ഈ പ്രയോഗം 18 പ്രാവശ്യം പറഞ്ഞി രിക്കുന്നതിൽ പകുതി അതായത് ആദ്യത്തേത് ഉൾപ്പെടെ 9 എണ്ണം ഫറവോന്റെ ഭാഗത്തുനിന്നും തുടർന്ന് 9 എണ്ണം ദൈവത്തിൽ നിന്നും പകരത്തിന് പകരമായി ഫറവോനെ പിന്തുടർന്ന് പിടിക്കുകയായി രുന്നു. എങ്കിലും മോശയോടുള്ള ബന്ധത്തിലും ബല ഹീനനായ ഒരുവനെ നിറുത്തി തന്റെ ശക്തി തെളിയി ക്കുവാനുള്ള ദൈവത്തിന്റെ ആഗ്രഹം അസ്ഥാനത്താ യി. ഫറവോന്റെ അടുക്കൽ പോകുവാൻ ദൈവ ത്തിന്റെ മൂന്ന് അത്ഭുതങ്ങളും ലഭിച്ചിട്ടും തന്റെ വിക്കിന് ഇതുവരെയും ഒരു ശമനവും വന്നില്ല എന്ന് മോശെ പരിഭവിച്ചു. അപ്പോൾ ദൈവം പറഞ്ഞ ന്യായം ഈ ലേഖനത്തോടുള്ള ബന്ധത്തിലും വളരെ ശ്രദ്ധേ യമാണ്. "അതിന് യഹോവ അവനോട്: മനുഷ്യന് വായി കൊടുത്തതു ആർ? അല്ല, ഊമനെയും ചെകി ടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാ ക്കിയതു ആർ? യഹോവയായ ഞാൻ അല്ലയോ? ആക യാൽ നീ ചെല്ലുക; ഞാൻ നിന്റെ വായോടുകൂടെ ഇരുന്നു നീ സംസാരിക്കേണ്ടതു നിനക്ക് ഉപദേശിച്ചു തരും എന്ന് അരുളിച്ചെയ്തു" (പുറ. 4:11). ദൈവം പറ യുന്നത് ഊമനും ചെകിടനും ഒക്കെ തന്റെ കൈ അബ ദ്ധത്താൽ ഉണ്ടായിപ്പോയതാണ് എന്നല്ല. പിന്നെയോ താൻ മനപൂർവ്വം ഉണ്ടാക്കിയവർ ആണെന്നാണ് ദൈവം വാദിക്കുന്നത്, പോരാത്തതിന് ഇത്തരക്കാ രുടെ ബലഹീനമായ അവയവങ്ങളോടുകൂടെ ദൈവം ഉണ്ടാവുകയും കൂടിയാകുമ്പോൾ സാധാരണ വാക്ചാതുര്യം ഉള്ളവരെക്കാൾ ഇവർ അസാധാരണ രാകും. മോശെ ചിന്തിച്ചതും തുടർന്നു ധരിച്ചതും അഹ രോൻ ദൈവത്തിന്റെ ഒരു പൂർണ്ണ സൃഷ്ടിയും താൻ

അപൂർണ്ണസൃഷ്ടിയും എന്നുമാണ്. ഇത്രയും ആയിട്ടും അഹരോനെ അയയ്ക്കാൻ മോശെ അഭിപ്രായപ്പെട്ട പ്പോൾ ദൈവകോപരം മോശെയ്ക്കു നേരെ ജ്വലിച്ചു.

എന്തിനാണ് ദൈവം ഇത്തരത്തിൽ ഉള്ള ഒരു സൃഷ്ടി നടത്തിയത് എന്ന് മറ്റുചില വാക്യങ്ങളുടെ അകമ്പ യോടെ നോക്കികാണാം. "ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെ ടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോക ത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീ നവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിര ഞ്ഞെടുത്തു; ദൈവസന്നിധിയിൽ ഒരു ജഡവും പ്രശം സിക്കാതിരിക്കേണ്ടതിന് തന്നേ" (1 കൊരി. 2:27-29).

"അവൻ എന്നോട്: എന്റെ കൃപ നിനക്ക് മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറ ഞ്ഞു..... ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു" (2 കൊരി. 12:9-10).

അപ്പോൾ നമ്മുടെ ബലഹീനതകളെയും അരിഷ്ട തകളെയും ദൈവം ഏറ്റെടുത്തു നമ്മെ ഭാഗ്യവാന്മാ രാക്കുന്നു. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്" (മത്താ. 5:3). "അരിഷ്ടന്റെ അരിഷ്ടത അവൻ നിരസിച്ചില്ല വെറു ത്തതുമില്ല; തന്റെ മുഖം അവന്നു മറെച്ചതുമില്ല, തന്നെ വിളിച്ചപേക്ഷിച്ചപ്പോൾ കേൾക്കയത്രേ ചെയ്തത്" (സ ങ്കീ. 22:24) "എന്റെ അരിഷ്ടത കടാക്ഷിച്ചു എന്നെ വിടുവിക്കേണമേ; ഞാൻ നിന്റെ ന്യായപ്രമാണത്തെ മറക്കുന്നില്ല" (സങ്കീ. 119:153). അപ്പോൾ യഹോവ കടാ ക്ഷിക്കുന്ന ഏക മാനദണ്ഡം നമ്മുടെ അരിഷ്ടതയാ ണെന്ന് വ്യക്തമാണല്ലോ. മഹാനായ ജോൺ കാൽവിന്റെ "Limited Atonement" അഥവാ പരിമിത പ്പെടുത്തിയ വീണ്ടെടുപ്പിൻ പ്രകാരം വീണ്ടെടുപ്പിന്റെ ചിലവ് വിലയേറിയതും അതിനാൽ പരിമിതവും ആക യാൽ വീണ്ടെടുപ്പ് തിരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്ര മെന്ന് പഠിപ്പിച്ചു. എന്നാൽ വീണ്ടെടുപ്പ് ദ്രവ്യം പരിമി തമായിട്ടല്ല ദൈവം ചിലരെ രക്ഷയ്ക്കായി തിരഞ്ഞെ ടുക്കുന്നത്. പിന്നെയോ ദൈവം തിരഞ്ഞെടുത്താലേ മനുഷ്യന് ദൈവത്തെ തിരഞ്ഞെടുക്കാൻ ആകു എന്നതിനാലാണ്. "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനില്ക്കേണ്ടതിനും നിങ്ങളെ ആക്കിവെച്ചുമിരിക്കു ന്നു..."(യോഹ. 15:16). നാം അരിഷ്ടന്മാരായിരുന്നു എങ്കിലും ദൈവം നമ്മെ അരിഷ്ടിച്ചും കഷ്ടിച്ചും അല്ല വീണ്ടെടുത്തിരിക്കുന്നത് (Atonement). "യിസ്രായേ ലേ, യഹോവയിൽ പ്രത്യാശവെച്ചുകൊൾക; യഹോ വെക്കു കൃപയും അവന്റെ പക്കൽ ധാരാളം വീണ്ടെ ടുപ്പും ഉണ്ട്" (സങ്കീ. 130:7). "യഹൂദൻ എന്നും യവ നൻ എന്നും വ്യത്യാസമില്ല; എല്ലാവർക്കും കർത്താവ് ഒരുവൻ തന്നേ; അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നൽകുവാന്തക്കവണ്ണം സമ്പന്നൻ ആകുന്നു. അവൻ യിസ്രായേലിനെ അവന്റെ അകൃ ത്യങ്ങളിൽ നിന്നൊക്കെയും വീണ്ടെടുക്കും" (സങ്കീ. 130:7,8). അതിനാൽ പാപത്താൽ അരിഷ്ടരായവ രെല്ലാം രക്ഷയ്ക്ക് യോഗ്യരും കേട്ട് വിശ്വസിക്കുന്ന ഏവനേയും രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ (2 തിമൊ. 3:14) ദൈവത്തിന് മനസ്സാണ് എന്നും തിരിച്ച റിഞ്ഞ് നാം പ്രവർത്തിക്കയും മറ്റുള്ളവരേയും നേടു വാൻ അക്ഷീണം യത്നിക്കയും വേണം.

**പാപത്തിന്റെ ശാപത്തെ അനുഗ്രഹമാക്കുവാൻ മനു ഷ്യരുടെ പങ്ക്:**

മാനവരക്ഷയ്ക്കായി മനുഷ്യന്റെ പങ്കിനെ ഒരു പങ്കായി കണക്കാക്കുവാൻ കഴിയുമോ എന്ന് അറി യില്ലെങ്കിലും ഒരു പങ്ക് ഉണ്ട് എന്ന് രക്ഷയ്ക്കും ശിക്ഷയ്ക്കും ഉത്തരവാദിയായി അവനെ ദൈവം കണക്കാക്കുന്നതിൽ നിന്ന് മനസ്സിലാക്കാം. കാരണം യോസേഫിന്റെ അടുക്കൽ സ്വപ്നവ്യാഖ്യാനത്തി നായി വന്ന പാനപാത്രവാഹകരുടെ പ്രമാണിയും അപ്പക്കാരുടെ പ്രമാണിയും കണ്ടത് വെവ്വേറെ അർത്ഥം ഉള്ള രണ്ടു സ്വപ്നങ്ങൾ (ഉല്പ. 40:5) ആയി രുന്നു. രണ്ടുപേരും അർത്ഥം അറിയാതെ വിഷമിച്ചി രിക്കുമ്പോൾ യോസേഫ് അവരെ സമീപിച്ച് കാര്യ ങ്ങൾ ആരായുകയും "സ്വപ്നവ്യാഖ്യാനം ദൈവത്തി നുള്ളതല്ലയോ? അതു എന്നോടു പറവിൻ" എന്ന് പറഞ്ഞു (ഉല്പ. 40:8). അപ്പോൾ ആദ്യം പ്രതികരി ച്ചത് പാനപാത്രവാഹകനാണ് എന്നാൽ അപ്പക്കാരുടെ പ്രമാണി കാര്യങ്ങൾ കേട്ടിരുന്നതേയുള്ളൂ. പാനപാ ത്രവാഹകന്റെ സ്വപ്നത്തിന്റെ അർത്ഥം നല്ലതെന്ന് കണ്ടപ്പോൾ മാത്രമാണ് തന്റെ സ്വപ്നത്തിനും നല്ല വ്യാഖ്യാനം പ്രതീക്ഷിച്ചുകൊണ്ട് അപ്പക്കാരൻ യോസേഫിനോട് താനും അത്തരമൊരു സ്വപ്നം കണ്ടിട്ടുണ്ട് എന്ന് പറഞ്ഞ് അവതരിപ്പിക്കുന്നത്. "അർത്ഥം നല്ലതെന്നു അപ്പക്കാരുടെ പ്രമാണി കണ്ടിട്ടു യോസേഫിനോട്: ഞാനും സ്വപ്നത്തിൽ എന്റെ തല യിൽ വെളുത്ത അപ്പമുള്ള മൂന്നുകൊട്ട കണ്ടു"

(ഉല്പ. 40:16). സ്വപ്നങ്ങൾക്ക് ഏറെ സമാനതകൾ ഉണ്ടായിരുന്നു എങ്കിലും അർത്ഥത്തിനായിരുന്ന വ്യത്യാസം - അത് വ്യാഖ്യാനിച്ചു തീരുമാനിക്കേണ്ടത് ദൈവവും ആണ്. പാനപാത്രവാഹകന് ഏതായാലും അപ്പക്കാരുടെ പ്രമാണിയെക്കാളും കണ്ടിട്ടു യോസേഫിനോട്: ഞാനും സ്വപ്നത്തിൽ എന്റെ തലയിൽ വെളുത്ത അപ്പമുള്ള മൂന്നു കൊട്ടകണ്ടു" (ഉല്പ. 40:16). സ്വപ്നങ്ങൾക്ക് ഏറെ സമാനതകൾ ഉണ്ടായിരുന്നു എങ്കിലും അർത്ഥത്തിനായിരുന്ന വ്യത്യാസം - അത് വ്യാഖ്യാനിച്ചു തീരുമാനിക്കേണ്ടത് ദൈവവും ആണ്. പാനപാത്രവാഹകന് ഏതായാലും അപ്പക്കാരുടെ പ്രമാണിയെക്കാളും ദൈവത്തിൽ അധികം വിശ്വാസം ഉണ്ടായിരുന്നതിനാൽ അവൻ സ്വപ്നം ആദ്യം വ്യാഖ്യാനത്തിന് ഏല്പിച്ചുകൊടുത്തു. ഇതിന്റെ ഫലമറിഞ്ഞിട്ടേ രണ്ടാമൻ അനങ്ങിയുള്ളൂ എന്നത് യോസേഫിന്റെ ദൈവത്തിൽ അവനുള്ള അവിശ്വാസത്തെ വ്യക്തമാക്കുന്നു. പാനപാത്രവാഹകന് തന്റെ ചടുലമായ ആ നീക്കത്താൽ ജീവൻ സമ്മാനമായി ലഭിച്ചു; മറ്റേയാൾക്ക് അമാന്തത്താൽ മരണവും എന്നാൽ പാനപാത്രവാഹകൻ തനിക്ക് ജീവൻ സമ്മാനിച്ച തന്റെ ചടുലനീക്കത്തെക്കുറിച്ച് ബോധവാനായോ എന്ന് അറിയില്ല. പക്ഷേ തനിക്ക് സ്വപ്നം വ്യാഖ്യാനിച്ചു നൽകിയ യോസേഫിനെ രണ്ടുവർഷത്തേയ്ക്ക് മറന്നു കളഞ്ഞു. രക്ഷിക്കപ്പെട്ട നാമാകട്ടെ നാം രക്ഷയ്ക്കായി എന്തോ പ്രത്യേകതയുള്ളവരാണ് എന്ന് എപ്പോഴും ധരിക്കയും കൂടാതെ രക്ഷകനെ മറന്നും കളഞ്ഞ് ഇരട്ടിപാപം ചെയ്യുന്നു.

നമ്മുടെ രക്ഷയ്ക്കായുള്ള പ്രവൃത്തികൾ എല്ലാം കർത്താവാണ് ചെയ്തത് എന്നതിനാൽ ഇനി നമ്മുടെ ഭാഗത്ത് നിന്ന് രക്ഷകനെ അംഗീകരിക്കുന്നതാണ് അവശേഷിക്കുന്നത്. "പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു.ദൈവം പ്രവൃത്തി കൂടാതെ നീതി കണക്കിടുന്ന മനുഷ്യന്റെ ഭാഗ്യം ദാവീദും വർണ്ണിക്കുന്നത്: "അധർമ്മം മോചിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ, കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ (റോമർ 4:5-8).

ഉദാഹരണത്തിന് മുങ്ങിമരിക്കാൻ പോകുന്ന ഒരു വ്യക്തിയെ രക്ഷിക്കാൻ ഒരാൾ നീന്തി അടുത്തെത്തി സാധാരണ ചെയ്യാറുള്ളത് പോലെ മുടിയിഴകളിൽ പിടുത്തമിട്ടാൽ അത് വേദനാജനകമെങ്കിലും അതിലും വലിയ മരണത്തിൽ നിന്ന് തന്നെ രക്ഷിക്കാനാണ് എന്നറിഞ്ഞ് മുങ്ങിയ ആൾ സഹകരിക്കയാണ് ചെയ്യാറുള്ളത്. എന്നാൽ രക്ഷപ്പെട്ടശേഷം ഞാൻ നിങ്ങളെ എന്റെ മുടിയിഴകളിൽ പിടിക്കുവാൻ അനുവദിച്ചതിനാൽ ആണ് നിങ്ങൾക്ക് എന്നെ രക്ഷിപ്പാൻ കഴിഞ്ഞതെന്നും ഇതിനെല്ലാം ആയി ഒരു പാരിതോഷികവും ആരും ഇന്നേവരെ ആവശ്യപ്പെട്ടിട്ടില്ല നേരെ മറിച്ച് എല്ലാ പുകഴ്ചയും രക്ഷകനേ നൽകാറുള്ളൂ. നമ്മുടെ രക്ഷയിലും ഇത്തരത്തിൽ ഒന്നും സ്വയം അവകാശപ്പെടുവാൻ ഇല്ലാത്തതും അവകാശപ്പെട്ടാൽ അവകാശപ്പെടുന്നവൻ പരിഹാസ്യനുമാവുന്ന ഒരു പങ്കേ നമുക്കുള്ളൂ. നമ്മുടെ ഭാഗത്തുനിന്നുള്ള ഈ എളിയ പങ്ക് എന്താണെന്ന് നോക്കാം:

1. രക്ഷയ്ക്കായുള്ള കാംക്ഷ- "എളിയവരുടെ പീഡയും ദരിദ്രന്മാരുടെ ദീർഘശ്വാസവും നിമിത്തം ഇപ്പോൾ ഞാൻ എഴുന്നേല്ക്കും; രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാൻ അതിലാക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു" (സങ്കീ. 12:5).

2. കേട്ട് വിശ്വസിക്കണം- "ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17).

അതായത് രക്ഷയെക്കുറിച്ച് കേൾക്കുമ്പോൾ അതിനായുള്ള കാംക്ഷ ഉണ്ടാകണം. കേൾക്കാത്തവരും അതിനാൽ കാംക്ഷിക്കാത്തവരും, കേട്ടിട്ട് കാംക്ഷിക്കാത്തവരും, കേട്ടിട്ട് കാംക്ഷിച്ചിട്ട് പ്രതികരിക്കാത്തവരും എല്ലാം ഉണ്ടാകും. എന്നാൽ കേട്ട്, കാംക്ഷിച്ച്, കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർക്ക് രക്ഷ ഉറപ്പായും ലഭിക്കും എന്നത് പകൽപോലെ വ്യക്തം. എന്നാൽ ഇവയെല്ലാം ലക്ഷ്യസ്ഥാനത്ത് എത്തിയാലും അത് എത്തിച്ചു എന്ന് നമുക്ക് അഭിമാനിക്കാൻ ആകില്ല. കാരണം രക്ഷയ്ക്കായാലും തുടർന്ന് രക്ഷയ്ക്കായുള്ള വളർച്ചയ്ക്കായാലും നമുക്ക് മുൻപറഞ്ഞ മുങ്ങിമരണത്തിൽ നിന്ന് രക്ഷപ്പെട്ടവന്റെ വാദമുഖങ്ങളേയുള്ളൂ. കാരണം രക്ഷയ്ക്കായിട്ട് (1) "എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും" (യോഹ. 6:44). തുടർന്ന് രക്ഷയ്ക്ക് ശേഷമുള്ള വളർച്ചയ്ക്കും ദൈവം തന്നേ അവസരം ഒരുക്കേണം. "അതുകൊണ്ട്, പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പ്പോഴും അനുസരിച്ചതുപോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ.

ഇച്ഛിക്ക എന്നും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലേ തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കുന്നത്" (ഫിലി. 2;12, 13).

**പാപത്തിന്റെ അയോഗ്യതയെ യോഗ്യതയായി എടുത്ത മറ്റു ചില സന്ദർഭങ്ങൾ:**

1. **കനാൻ നാട് കനാന്യർക്ക്** - തന്നെ പരിഹസിച്ചതിന് നോഹ ഉഗ്രമായി ശപിച്ചത് ആ തെറ്റു ചെയ്ത തന്റെ മകൻ ഹാമിനെയല്ല എന്നാൽ ഹാമിന്റെ മകനായ കനാനെയാണ്. അപ്പൻ ചെയ്ത തെറ്റിന് അകാരണമായി ശിക്ഷ ഏറ്റുവാങ്ങേണ്ടിവന്ന കനാനെ ദൈവം ഓർക്കയും അവന് പാലും തേനും ഒഴുകുന്ന കനാൻ നാട് ദാനമായി ആദ്യം കൊടുത്തു. എന്നാൽ പിൽക്കാലത്ത് അവരുടെ ദുഷ്ടതയാൽ ദൈവം അവരെ നീക്കിക്കളഞ്ഞു. "നീ അവരുടെ ദേശം കൈവശമാക്കുവാൻ ചെല്ലുന്നത് നിന്റെ നീതി നിമിത്തവും നിന്റെ ഹൃദയ പരാമർത്ഥം നിമിത്തവുമല്ല. ആ ജാതിയുടെ ദുഷ്ടത നിമിത്തവും അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്ന നിന്റെ പിതാക്കന്മാരോട് യഹോവ സത്യം ചെയ്ത വചനം നിവർത്തിക്കേണ്ടതിനും അത്രേ നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളയുന്നത്" (ആവർ. 9:5).

2. **ബെന്യാമീന്യർക്ക് ആദ്യരാജത്വം:** ന്യായാധിപന്മാരുടെ കാലത്ത് ബെന്യാമീനിലെ ഗിബെയയിലെ നീചർ ലേവ്യന്റെ വെപ്പാട്ടിയെ ബലാൽക്കാരം ചെയ്തതിനാൽ എല്ലാ യിസ്രായേലും ഗിബെയക്കാരെ ഏല്പിച്ചുകൊടുക്കാൻ ബെന്യാമീന്യരോട് ആവശ്യപ്പെട്ടപ്പോൾ ബെന്യാമീന്യർ ഗിബെയക്കാരെ സംരക്ഷിക്കയും എല്ലാ യിസ്രായേലിനും എതിരെ യുദ്ധത്തിൽ ഏർപ്പെട്ടു. എന്നാൽ യുദ്ധാനന്തരം ബെന്യാമീന്യരിൽ 600 പുരുഷന്മാർ മാത്രമേ ശേഷിച്ചുള്ളൂ (ന്യായ. 20:47). എന്നാൽ പാപത്താൽ ന്യൂനപക്ഷമായിത്തീർന്ന ഇവർക്ക് കേട് തീർക്കുവാൻ ആകാം ബെന്യാമീൻ ഗോത്രത്തിൽ നിന്നെന്ന് മാത്രമല്ല അതേ ഗിബെയയിൽ നിന്ന് തന്നേ കീശിന്റെ മകൻ ശൗലിനെ ദൈവം യിസ്രായേലിന്റെ ആദ്യത്തെ രാജാവാക്കിയത്.

3. **ദാവീദിന് ശലോമോനെ നൽകി:** ഇരട്ടപ്പാപത്തിൽ മുങ്ങിത്താഴ്ന്ന ദാവീദിന് ആശ്വാസമായി ആ പാപത്തിൽ പങ്കാളിയായ ബെത്ത്-ശേബയിൽ നിന്നു തന്നേ ദൈവം ദാവീദിന് ശലോമോനെ നൽകി. "പിന്നെ ദാവീദ് തന്റെ ഭാര്യയായ ബത്ത്-ശേബയെ ആശ്വസിപ്പിച്ചു അവളുടെ അടുക്കൽ ചെന്നു അവളോടുകൂടെ ശയിച്ചു; അവൾ ഒരു മകനെ പ്രസവിച്ചു; അവൻ അവന്നു ശലോമോൻ എന്നു പേരിട്ടു; യഹോവ അവനെ സ്നേഹിച്ചു അവൻ നാഥാൻ പ്രവാചകനെ നിയോഗിച്ചു; അവൻ യഹോവയുടെ പ്രീതി നിമിത്തം അവന്നു യെദീദ്യാവ് എന്ന് പേർ വിളിച്ചു" (2 ശമു. 12:24,25).

4. **ആദ്യം യെഹൂദൻ പിന്നെ യവനൻ:** സ്ഥലസമയ പരിമിതികളാൽ പുതിയ നിയമത്തിൽ നിന്ന് ഒരേയൊരു ഉദാഹരണമേ ഉൾപ്പെടുത്തുന്നുള്ളൂ. "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ" (റോമർ. 1:16). ആദ്യം യെഹൂദൻ വരുന്നത് നാം ധരിക്കാറുള്ളതുപോലെ അവന്റെ ശ്രേഷ്ഠതയും മെച്ചവും കൊണ്ടല്ല. നാം മുകളിൽ കണ്ടതുപോലെ തന്നേ നമ്മുടെ ധാരണകൾക്ക് ഘടകവിരുദ്ധമായിത്തന്നെ യഹൂദൻ ഏറ്റവും ശാപഗ്രസ്ഥനായി പരിണമിച്ചതുകൊണ്ടാണ് ആദ്യം കരുണ ലഭിപ്പാൻ ദൈവം ഇടയാക്കിയത്. യഹൂദന്മാരുടെ കുറ്റപത്രം ഒന്നു നോക്കിയാൽ നമുക്ക് അവരുടെ അരിഷ്ടത മികച്ചും മുഴച്ചും നിൽക്കുന്നതായി കാണാനാകും. പൗലോസ് തന്നെ വളരെ കൃത്യതയോടെയും അടുക്കും ചിട്ടയോടുംകൂടെ ഇത് രത്നച്ചുരുക്കമായി വിവരിക്കുന്നത് നോക്കാം. "യെഹൂദർ കർത്താവായ യേശുവിനെയും സ്വന്തപ്രവാചകന്മാരെയും കൊന്നവരും ഞങ്ങളെ ഓടിച്ചുകളഞ്ഞവരും ദൈവത്തെ പ്രസാദിപ്പിക്കാത്തവരും സകലമനുഷ്യർക്കും വിരോധികളും ജാതികൾ രക്ഷിക്കപ്പെടേണ്ടതിന്നായി ഞങ്ങൾ അവരോട് പ്രസംഗിക്കുന്നത് വിലക്കുന്നവരും ആകുന്നു; അങ്ങനെ അവർ തങ്ങളുടെ പാപങ്ങളെ എപ്പോഴും പൂരിപ്പിക്കുന്നു. എന്നാൽ ദൈവക്രോധം അവരുടെമേൽ മുഴുത്തുവന്നിരിക്കുന്നു" (1 തെസ്സ. 2:15,16). ഭൂമിശാസ്ത്രപരമായും ഇത് കാണാം. കാരണം യെരുശലേമിന് പുറത്തുവച്ച് ഒരു പ്രവാചകൻ കൊല്ലപ്പെടുന്നത് അസംഭവ്യം എന്ന് ക്രിസ്തു തന്നേ സാക്ഷീകരിച്ചു (ലൂക്കൊ. 13:33). അതിനാലാണ് പാപം പോരായ്മ ഏറ്റവും വരുത്തിയ സ്ഥലം മുതൽ സുവിശേഷപ്രസംഗം ആരംഭിച്ചതിന് മറ്റൊരു കാരണവും. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (അപ്പൊ. 1:8). എന്നാൽ ഒരു ദുഃഖസത്യം എന്നത് ആദ്യപരിഗണന ലഭിച്ച ആർക്കും യോഗ്യരാ

# യിസ്റാഏൽ വാർത്തകൾ

Mr. പ്രേംദാസ് സ്വാമിദാസ് യഹൂദി

## ബഹ്റൈൻ മെദീനാത് യിസ്റാഏലുമായി സൗഹൃദകരാറിലേർപ്പെട്ടു

മിറ്റ്സ്റാംയിം (ഈജിപ്റ്റ്), യോർദ്ദാൻ, ഐക്യ അറബ് എമിറേറ്റുകൾ എന്നീ അറബ് രാഷ്ട്രങ്ങൾ ചെയ്തതുപോലെ പേർഷ്യൻ ഉൾക്കടലിലെ അറബ് ദ്വീപ് രാഷ്ട്രമായ ബഹ്റൈൻ യിസ്റാഏൽ രാഷ്ട്രവുമായി സഹകരണ സൗഹൃദ കരാറിലേർപ്പെട്ടു. 'സമുദ്രത്തിന്റെ കണ്ണ്' എന്നാണ് ബഹ്റൈൻ എന്ന അറബ് നാമധേയത്തിനർത്ഥം. ബഹർ= സമുദ്രം; ആയിൻ = കണ്ണ്. ഹമദ് ബിൻ ഈസ അൽ ഖലിഫ ആണ് ബഹ്റൈൻ രാജാവ്. 2020 സെപ്റ്റംബർ 11 നാണ് ബഹ്റൈനും മെദീനാത് യിസ്റാഏലും പൂർണ നയതന്ത്രബന്ധം സ്ഥാപിക്കാൻ തീരുമാനിച്ചത്. അതിനു മുമ്പ് ആഗസ്റ്റ് 13 ന് നയതന്ത്ര ബന്ധം ആരംഭിക്കുന്നതിനുള്ള പ്രഖ്യാപനം ഉണ്ടായി.

2020 സെപ്റ്റംബർ 15 ന് അമേരിക്കൻ പ്രസിഡണ്ട് ഡൊനാൾഡ് ട്രംപിന്റെ മദ്ധ്യസ്ഥതയിൽ ഔദ്യോഗിക വസതിയായ വൈറ്റ് ഹൗസിൽ വച്ച് നടന്ന ചടങ്ങിൽ മെദീനാത് യിസ്റാഏൽ റോഷ് ഹമേംഷാല (പ്രധാനമന്ത്രി) ബിന്യമീൻ നെതാന്യാഹു മേദിനാത് യിസ്റാഏലിനു വേണ്ടിയും ഐക്യ അറബി എമിറേറ്റുകളുടെ വിദേശകാര്യ മന്ത്രി ഷെയ്ഖ് അബ്ദുള്ള ബിൻസയിദ് അൽനെഹ്യാൻ യു.എ.ഇ.ക്കുവേണ്ടിയും ബഹ്റൈൻ വിദേശകാര്യമന്ത്രി ഡോ. അബ്ദുല്ലത്തിഫ്ബിൻ റാഷിദ് അൽ സയാനി ബഹ്റൈനു വേണ്ടിയും കരാറിൽ ഒപ്പു വച്ചു. എല്ലാ അറബ് രാജ്യങ്ങളും യഹൂദരാഷ്ട്രമായ യിസ്റാഏലുമായി സഹകരിക്കാൻ തയ്യാറാകുമെന്ന പ്രതീക്ഷ അമേരിക്ക പ്രകടിപ്പിച്ചു. ഈ നടപടികളിൽ പ്രതിഷേധിച്ച് ഫലസ്തീൻ പരിമിതി സ്വയംഭരണ സമിതി അറബ് ലീഗ് അദ്ധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്നതിൽ നിന്ന് വിട്ടു നിന്നു. അറബ് രാഷ്ട്രമായ ഖത്തർ തർക്കം പരിഹരിക്കപ്പെടുന്നതുവരെ കാത്തിരിക്കും എന്ന് നിലപാടിലെത്തി.

ഒമാൻ, ഖത്തർ എന്നീ അറബ് രാഷ്ട്രങ്ങളും ഉത്തരാഫ്രിക്കൻ മുസ്ലീംരാഷ്ട്രമായ സുഡാനും സഹകരണക്കരാറിലേർപ്പെടാനുള്ള നീക്കങ്ങൾ നടത്തുന്നുണ്ട്. സൗദി അറേബ്യ ഇതിനൊക്കെ ഉത്തേജനം നൽകുന്നുമുണ്ട്. ഇത് അമേരിക്കൻ പ്രസിഡണ്ട്

---

ക്കുവാൻ കഴിഞ്ഞില്ല; കനാന്യർക്കോ, ശൗലിനോ, ശലോമോനോ, യഹൂദർക്കോ ഒന്നും തന്നെ.

അപ്പോൾ നാം എന്തു ചെയ്യും എന്ന് പരിശ്രമിച്ചേക്കാം. അതായത് അരിഷ്ട പാപിയായത്കൊണ്ട് ആദ്യ പരിഗണന ലഭിക്കും എങ്കിലും അത് മാത്രം പോരാ. അത് ഒരു അടിസ്ഥാന യോഗ്യത ആണെങ്കിലും തുടർന്ന് ദാവീദിനെപ്പോലെ ദൈവത്തെ ഹൃദയം കൊണ്ട് അനുസരിക്കണം; വിശ്വസിച്ച് അംഗീകരിച്ച് അനുസരിച്ചുകൊണ്ടേയിരിക്കണം ഫറവോനെപ്പോലെ ഹൃദയം കഠിനമാക്കരുത്. "അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേയ്ക്ക് നടത്തുന്നുഎന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപ ദിവസത്തേക്ക് നിനക്കുതന്നേ കോപം ചരതിച്ചുവെക്കുന്നു" (റോമർ 2:4,5). പാപം ചെയ്ത ദൂതന്മാരെയും പുരാതന ലോകത്തെയും (2 പത്രൊ. 2:4-9). ദൈവം ആദരിക്കാത്തത് അതിന് കഴിയാഞ്ഞിട്ടല്ല പിന്നയോ അവർ മനസ്സ് കഠിനമാക്കിയതിനാലാണ്. അതിനാൽ ആദ്യപരിഗണന ലഭിച്ച പലർക്കും ഹൃദയകാഠിന്യത്താൽ അത് ലഭിക്കാതെ പോയി. നമ്മെയാകട്ടെ, സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി ഏല്പിച്ചിട്ട് ദൈവം അതിനോടുകൂടെ സകലവും നൽകിയിരിക്കുകയാണ് (റോമർ 8:32). എന്നാൽ ഈ പരിഗണന ലഭിച്ചിട്ടും ദൈവകല്പനകളെ അനുസരിക്കാതെ ലോകക്കാർ ആയിരിക്കുന്നതിനാൽ ആണ് വേർപെട്ട പലതും സകല മനുഷ്യരിലും അരിഷ്ടന്മാരായി ഇരിക്കുന്നത്. "നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശവെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ" (1 കൊരി. 15:19). ആദ്യം അരിഷ്ടത യോഗ്യത ആയിരുന്നു എങ്കിലും അതിൽ ഇനിയും ലോകത്തെ സ്നേഹിച്ചു തുടർന്നാൽ അത് സകല മനുഷ്യരിലും നമ്മെ അരിഷ്ടന്മാർ ആക്കികളെയും. ❖

ഡൊണാൾഡ് ട്രംപിന്റെ നയതന്ത്ര വിജയമായി കണക്കാക്കുന്നു. അദ്ദേഹത്തിന്റെ പുത്രി ഇവാൻകയുടെ ഭർത്താവ് യഹൂദ വംശജനായ യേറേദ് കുഷ്നർ വ്യവസായി ആണ്. അദ്ദേഹത്തിന് സൗദി അറേബ്യയുമായി സഹകരണവും വ്യാപാര ബന്ധങ്ങളുമുണ്ട്. സൗദി അറേബ്യൻ ഭരണാധികാരി സൽമാൻ രാജാവുമായി അദ്ദേഹത്തിനുള്ള അടുപ്പം ഈ നയതന്ത്ര നേട്ടങ്ങൾക്കു സഹായകമായി. യിസ്റാഏലീമയും അറബികളും അബ്റഹാം – ബെൻ തേറഹ് ഇബ്രാഹിം നബിയുടെ പിന്മുറക്കാരും അബ്റഹാമിക ഏകദൈവവിശ്വാസം മുറുകെപ്പിടിക്കുന്നവരുമാണ്. ഇരു ജനതകളും തമ്മിലുള്ള നിസാരമായ രാഷ്ട്രീയ അഭിപ്രായ ഭിന്നതകൾ പരിഹരിക്കപ്പെടും എന്നുതന്നെയാണ് നിരീക്ഷകർ കണക്കു കൂട്ടുന്നത്.

## സൂറിയയിൽ മെദീനാത് യിസ്റാഏൽ വീണ്ടും ആക്രമണം നടത്തി

യിസ്റാഏൽ രാഷ്ട്രത്തിന്റെ വടക്കു കിഴക്കൻ അയൽ രാജ്യമായ സൂറിയയിൽ നടന്നു വരുന്ന ആഭ്യന്തരയുദ്ധം തുടരുകയാണ്. ആ രാജ്യത്ത് ഇറാൻ പിന്തുണ നൽകുന്ന സായുധ സേനാംഗങ്ങൾ സജീവമാണ്. യഹൂദ രാഷ്ട്രത്തിന്റെ ബദ്ധശത്രുവാണ് പേർഷ്യൻ ഷിയാ മുസ്ലീം രാജ്യമായ ഇറാൻ. കഴിഞ്ഞ മാസം മുന്നാമതും ഇറാൻ പിന്തുണ നൽകുന്ന സായുധ സേനാംഗങ്ങളെ ലക്ഷ്യമാക്കി മെദിനാത് യിസ്റാഏൽ സായുധാക്രമണം നടത്തി. ഇറാഖ് അതിർത്തിയോടു ചേർന്ന പ്രദേശത്താണ് വ്യോമാക്രമണം നടന്നത്. എട്ട് ഇറാഖികളും രണ്ട് സൂറിയക്കാരും കൊല്ലപ്പെട്ടു. കൊല്ലപ്പെട്ട പത്ത് സായുധ സേനാംഗങ്ങളും ഇറാൻ പിന്തുണയുള്ള വിഭാഗത്തിൽപെട്ടവരാണ്.

## യിസ്റാഏൽ രാഷ്ട്രത്തിൽ പ്രതിദിനം ഏഴായിരം പുതിയ കോവിഡ്-19 രോഗബാധിതർ

2020 മേയ് മാസത്തിൽ മെദീനാത് യിസ്റാഏൽ നിയന്ത്രണങ്ങളേർപ്പെടുത്തി കോവിഡ്-19 വ്യാപനം ഫലപ്രദമായി തടഞ്ഞു. തുടർന്ന് നിയന്ത്രണങ്ങൾ പിൻവലിച്ച് വിദ്യാലയങ്ങൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകി. ഇത് വ്യാപനം വീണ്ടും വർദ്ധിക്കുന്നതിനിടയാക്കി. ഓരോ ദിവസവും ഏഴായിരം പുതിയ കോവിഡ്-19 രോഗബാധിതർ എന്ന കണക്കിലേയ്ക്കുയർന്നു. രണ്ടരലക്ഷത്തോളം യിസ്റാഏൽ പൗരന്മാർക്ക് കോവിഡ്-19 രോഗബാധയുണ്ടായി എന്നാണ് കണക്ക്.

## മിറ്റ്സ്റായിമിൽ വീണ്ടും പഴക്കമേറിയ അടക്കം ചെയ്ത മൃതദേഹം അനാവരണം ചെയ്തു

മിറ്റ്സ്റായിം (ഈജിപ്റ്റ്) തലസ്ഥാനമായ ക്കഹീർ (കൈറോ) പട്ടണത്തിൽ നിന്നും മുപ്പത് മൈൽ തെക്കുമാറിയാണ് പുരാതന മെംഫിസ് നഗരി നിലനിന്നിരുന്ന പ്രദേശം. ഇവിടത്തെ സക്കാറ മേഖലയിൽ നാല്പത് അടി ആഴത്തിൽ മരം കൊണ്ടുണ്ടാക്കിയ 59 ശവപേടകങ്ങളിൽ സംസ്കരിച്ചിരുന്ന മൃതദേഹങ്ങൾ കണ്ടെടുത്തു. 2500 വർഷം പഴക്കമുള്ള ഈ മമ്മി (മൃതദേഹം)കൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നില്ല. പുരോഹിതർ, ഭരണാധികാരികൾ, പ്രമുഖർ മുതലായവരുടെ മൃതദേഹങ്ങളാണ് പണ്ട് ഈ രീതിയിൽ സംസ്കരിക്കപ്പെട്ടിരുന്നത്.

## ജർമ്മനിയിൽ യഹൂദ വിദ്യാർത്ഥി ആക്രമിക്കപ്പെട്ടു

ഹംബുർഗ് നഗരിയിലെ ബെയ്ത് കെനേസേത് (സിനഗാഗ്, യഹൂദ പ്രാർത്ഥനാലയം)ന് സമീപം യഹൂദ വിദ്യാർത്ഥിക്കെതിരെ കൊലപാതക ശ്രമം നടന്നു. 26 കാരനായ യഹൂദ വിദ്യാർത്ഥിക്ക് മാരകമായ പരിക്കേറ്റു. യഹൂദീം സുക്കോത് (കൂടാരപ്പെരുന്നാൾ) ആഘോഷത്തിലായിരുന്നപ്പോഴാണ് യഹൂദ വിരുദ്ധനായ ആക്രമി അക്രമം നടത്തിയത്. ജർമ്മൻ ചാൻസലർ അംഗല മെർക്കൽ ഇത് ജർമ്മനിക്ക് disgrace (നാണക്കേട്) ഉണ്ടാക്കി എന്നു പറഞ്ഞു.

## ആംനസ്റ്റി ഇന്റർനാഷണൽ വീണ്ടും യഹൂദ രാഷ്ട്രത്തിനെതിരെ

ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടനയായ ആംനസ്റ്റി ഇന്റർനാഷണൽ യിസ്റാഏൽ വിരുദ്ധ പ്രസ്താവനയുമായി രംഗത്തെത്തി. യഹൂദ രാഷ്ട്രവും അറബ് രാഷ്ട്രങ്ങളും രാഷ്ട്രീയ ഭിന്നതകൾ പരിഹരിച്ച് തമ്മിലടുക്കുന്നതിനിടയിലാണീ പ്രതികരണം; യിസ്റാഏലിലെ അനധികൃത (?) യഹൂദ പാർപ്പിട കേന്ദ്രങ്ങൾ പൊളിച്ചുമാറ്റണം എന്നതാണ് ആംനസ്റ്റിയുടെ ആഗ്രഹം. മെദീനാത് യിസ്റാഏൽ ഇതിനോട് പ്രതികരിച്ചില്ല.

## വടക്കൻ ഇറാഖിലെ ക്രൈസ്തവ ഗ്രാമങ്ങൾക്കെതിരെ തുർക്കി സൈനികാക്രമണം

പൊതുയുഗം 1915-ലെ അർമീനിയൻ വംശഹത്യയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ പിൻമുറക്കാരാണ് വടക്കൻ ഇറാഖിലെ ഗ്രാമങ്ങളധിവസിക്കുന്ന ക്രൈസ്തവർ; തുർക്കി രാഷ്ട്രമാണ് അർമീനിയൻ വംശഹ

Registered with the Registrar of
Newspapers of India under No. 7748/64

# പ്രവചന പ്രദീപിക

## ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

(ബുക്ക് പോസ്റ്റ് ചെലവുൾപ്പെടെ - ഇന്ത്യയിൽ)

| | | | |
|---|---|---|---|
| ക്രിസ്തീയ ജീവിതത്തിലെ ഏഴു കാര്യങ്ങൾ | വൈ. എസക്കിയേൽ | | 3.50 |
| സഭാസത്യങ്ങൾ | ” | ” | 75.00 |
| വെളിപ്പാട് പുസ്തക വ്യാഖ്യാനം | ” | ” | 407.00 |
| ബൈബിൾ പ്രശ്നാവലി | ” | ” | 105.00 |
| സഹസ്രാബ്ദ വാഴ്ചയും പുതിയ ഭൂമിയും | | | 355.00 |
| ബൈബിൾ വ്യാഖ്യാന മാതൃക | ” | ” | 85.00 |
| രക്ഷയുടെ ഭദ്രത | ” | ” | 105.00 |
| ക്രിസ്തീയ ജീവിതം | ” | ” | 8.00 |
| സാത്താനും പ്രവർത്തന പദ്ധതിയും | ” | ” | 105.00 |
| **Thrones of God** | ” | ” | 10.00 |
| അന്തിക്രിസ്തു | ” | ” | 85.00 |
| ദൈവിക ന്യായസനങ്ങൾ | ” | ” | 235.00 |
| പരിശുദ്ധാത്മാവ് | ” | ” | 407.00 |

രജിസ്റ്റർ ചെയ്തയക്കണമെങ്കിൽ
രൂപ 22.00 കൂടെ അയയ്ക്കുക

പുസ്തകങ്ങൾ *V.P.P.* ആയി
അയയ്ക്കുന്നതല്ല.

Published by Y. Sam Raj and Printed at
Excellent Printers, Plavila

**PRINTED BOOK POST**

To

REGD. NEWS PAPER

if undelivered, please return to :
Aramada P.O., Tvm - 32
including the reason